# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാണിക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.7/1708/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 14/12/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാണിക്കൽ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.7/1708/2023 തീയ്യതി: 14/12/2023

## തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 65 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 41 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹഗ്രേ) | 25-10-2023 | 02-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-10-2023 | 02-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി.ലീന.പി.ബി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീമതി. ശ്രീദേവി .എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ശ്രീജിത്ത്.എസ്.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.അഖിൽ രാജ്.ഡി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കുതിരകുളം ജയൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ജി.എൻ.ഹരികുമാർ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സതീഷ്കുമാർ.ഐ.ബി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഷീജ.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.വനജകുമാരി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.സുഹാസ് ലാൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഡോക്ടർ.ഹീര ജ്യോതിസ് | മെഡിക്കൽഓഫീസർ .പി.എച്ച്.സി | 01-04-2022 | 26-04-2022 |
| ഡോക്ടർ.അഫ്ന.എം.താഹ | മെഡിക്കൽഓഫീസർ .പി.എച്ച്.സി | 27-04-2022 | 31-03-2023 |
| ഡോക്ടർ.ജ്യോതി.എസ്. | മെഡിക്കൽഓഫീസർ .ആയുർവ്വേദം | 01-04-2022 | 22-06-2022 |
| ഡോക്ടർ.പ്രിയേഷ്.പി.യു | മെഡിക്കൽഓഫീസർ .ആയുർവ്വേദം | 23-06-2022 | 31-03-2023 |
| ഡോക്ടർ.ലിജിത്.കെ.എം | വെറ്റിനറിസർജൻ | 01-04-2022 | 25-09-2022 |
| ഡോക്ടർ.രഞ്ജിത്ത് .ആർ | വെറ്റിനറിസർജൻ | 26-09-2022 | 31-03-2023 |
| ശ്രീമതി.ആൻസി .എ.ആർ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.വിജയലാൽ .എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സർക്കിൾ 2 | 01-04-2022 | 31-03-2023 |
| ശ്രീ.വിജയലാൽ .എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സർക്കിൾ 1 (ഇൻചാർജ്) | 01-04-2022 | 31-03-2023 |
| ശ്രീമതി.സുമീറ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സർക്കിൾ 3 | 01-04-2022 | 31-03-2023 |
| ശ്രീമതി. സരിത വിജയൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| ശ്രീമതി. സുലേഖ .എൻ.എസ് | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 30-06-2022 |
| ശ്രീമതി. സബൂറ .എൻ | ഹെഡ്മിസ്ട്രസ്സ് | 16-07-2022 | 31-10-2022 |
| ശ്രീമതി. ബിനിതകുമാരി .ആർ | ഹെഡ്മിസ്ട്രസ്സ് | 01-11-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല | 1-1-4 |
| 6 | കുടിശ്ശിക തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | Stale Cheque തുകകൾ കാലാവധി കഴിഞ്ഞവ വരുമാന ശീർഷകത്തിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല | 1-1-6 |
| 8 | ആസ്തികൾ സൃഷ്ടിക്കുന്നതിനായി നൽകിയ പാർട്ട് ബില്ലുകൾക്ക് തത്തുല്യമായ തുക Capital Work In Progress ആയി ഉൾപ്പെടുത്തിയില്ല | 1-1-7 |
| 9 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി | 1-1-8 |
| 10 | രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല | 1-1-9 |
| 11 | രജിസ്റ്ററുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത ഡെപ്പോസിറ്റ് തുക ബന്ധപ്പെട്ട ഹെഡ്ഡിൽ ഉൾപ്പെട്ടിട്ടില്ല | 1-1-11 |
| 13 | MGNREGS-റീക്ലപ്പ് ചെയ്യാനുള്ള അഡ്വാൻസ് തുകയിൽ അവ്യക്തത | 1-1-12 |
| 14 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ബാങ്ക് നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | ബാങ്ക് അക്കൗണ്ടുകളുടെ വിവരം അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-14 |
| 16 | ലഡ്ജർ ബാലൻസുകൾ ബന്ധപ്പെട്ട രജിസ്റ്ററുകളുമായി ഓരോ മാസവും പൊരുത്തപ്പെടുത്തുന്നില്ല | 1-1-15 |
| 17 | കളക്ഷൻ ഇല്ലാത്ത ഡിമാന്റ് ഇനത്തിന് ബാലൻസ് ഉൾപ്പെടുത്തിയിട്ടില്ല | 1-1-16 |
| 18 | Prior Period തുകകളെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-1-17 |
| 19 | Excess Of Income Over Expenditure നിർണ്ണയിച്ചത് വ്യക്തമല്ല | 1-1-18 |
| 20 | ബാങ്കിൽ നിക്ഷേപിച്ച ചെക്ക് നാളിതുവരെ ക്രെഡിറ്റ് ആയിട്ടില്ല | 1-1-19 |
| 21 | ബാങ്കിൽ നേരിട്ട് ക്രെഡിറ്റായ തുക രസീത് നൽകി കണക്കിലെടുത്തിട്ടില്ല | 1-1-20 |
| 22 | Directly Debited By Bank- തുകകൾ ക്രമീകരിച്ചിട്ടില്ല | 1-1-21 |
| 23 | മൂന്ന് മാസമായിട്ടും പണമാക്കാത്ത ചെക്ക് Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല | 1-1-22 |
| 24 | MGNREGS വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-23 |
| 25 | ലെഡ്ജർ പ്രകാരമുള്ള വരവ് ചെലവ് വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല | 1-1-24 |
| 26 | ജേണൽ വൗച്ചറെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-25 |
| 27 | അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ മറ്റ് നിരീക്ഷണങ്ങൾ | 1-1-26 |
| 28 | ബജറ്റ് | 1-2 |
| 29 | ബജറ്റ് അപാകങ്ങൾ | 1-2-1 |
| 30 | സാമ്പത്തിക വിശകലനം | 1-3 |
| 31 | ഗ്രാന്റ് വിനിയോഗം | 1-4 |
| 32 | പദ്ധതി അവലോകനം | 1-5 |
| 33 | ക്ഷേമപദ്ധതികൾ | 1-6 |
| 34 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 35 | ആഭ്യന്തര നിയന്ത്രണം | 1-8 |

| | | |
|---|---|---|
| 36 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 37 | തൊഴിലുറപ്പ് പദ്ധതി - പൊതുവായ അപാകതകൾ | 1-9-1 |
| 38 | തൊഴിലുറപ്പ് പദ്ധതി - ചെലവ് ബില്ലുകൾ ഉൾപ്പെടുത്തിയിട്ടില്ല | 1-9-2 |
| 39 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-10 |
| 40 | കരാറിൽ ഏർപ്പെടാതെ പഞ്ചായത്ത് കെട്ടിടം വാടകയ്ക്ക് നൽകി - വാടക ലഭിക്കുന്നില്ല | 1-11 |
| 41 | പഞ്ചായത്തിന് ലഭിക്കേണ്ട തുകകൾ - തുടർനടപടി സ്വീകരിക്കേണ്ടതാണ് | 1-12 |
| 42 | ക്യാൻസൽഡ് ചെക്കുകൾ - പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 1-13 |
| 43 | ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല | 1-14 |
| 44 | ദുരിതാശ്വാസനിധി - കണക്കുകളിലെ വ്യത്യാസം പരിഹരിക്കേണ്ടതാണ് | 1-15 |
| 45 | ദുരന്തനിവാരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-16 |
| 46 | വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് | 1-17 |
| 47 | ആസ്തി സംരക്ഷണം | 1-18 |
| 48 | ആസ്തി സംരക്ഷണം - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. | 1-18-1 |
| 49 | ആസ്തി രജിസ്റ്റർ കാലികമല്ല | 1-18-2 |
| 50 | ആസ്തി സംരക്ഷണം - തുടർനടപടി സ്വീകരിക്കേണ്ടതാണ് | 1-18-3 |
| 51 | സ്വകാര്യ വ്യക്തിയുടെ പേരിലുള്ള വസ്തുവിൽ പഞ്ചായത്ത് വക കെട്ടിടം സ്ഥിതി ചെയ്യുന്നു | 1-18-4 |
| 52 | ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത കെട്ടിടത്തിൽ ടോയ്‌ലറ്റ് നിർമ്മാണം | 1-18-5 |
| 53 | നികുതി വരുമാന ശേഖരണം - അവലോകനം | 1-19 |
| 54 | വസ്തു നികുതി പരിഷ്കരണം -തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. | 1-19-1 |
| 55 | പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-19-2 |
| 56 | തൊഴിൽ നികുതി -സമ്പൂർണ ഡേറ്റാബേസ് സൂക്ഷിച്ചിട്ടില്ല | 1-20 |
| 57 | പദ്ധതിപ്രവർത്തനം -അവശ്യരേഖകൾ സൂക്ഷിക്കുന്നില്ല | 1-21 |
| 58 | റോഡ് കണക്റ്റിവിറ്റി മാപ്പ് പദ്ധതി പൂർത്തീകിരിച്ചില്ല | 1-22 |
| 59 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-23 |
| 60 | എഫ് എച്ച് സി കോംമ്പൗണ്ടിൽ മണ്ണ് ഘനനം -ലേലനടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-24 |
| 61 | പ്രോജക്ട് മാർഗ്ഗരേഖയ്ക്ക് വിരുദ്ധം 168000/- രൂപ തടസപ്പെടുത്തുന്നു | 1-25 |
| 62 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - അപാകങ്ങൾ | 1-26 |
| 63 | ജനറേറ്റർ -ഇൻസ്റ്റലേഷൻ–മെയിന്റനൻസ്-അപാകങ്ങൾ | 1-27 |
| 64 | തൊഴിൽദായക സംരംഭങ്ങൾ - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-28 |
| 65 | ടൂറിസം വികസനത്തിലൂടെ പ്രാദേശിക സാമ്പത്തിക വികസനത്തിനുള്ള സാധ്യത തേടാവുന്നതാണ് | 1-29 |
| 66 | സർക്കാർ നിർദ്ദേശപ്രകാരമുള്ള കുടിശ്ശിക രജിസ്റ്റർ പരിപാലിക്കുന്നില്ല | 1-30 |
| 67 | രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല | 1-31 |
| 68 | വാഹനങ്ങളുടെ ലോഗ് ബുക്ക് പരിപാലനം | 1-32 |
| 69 | പ്രൊക്യൂർമെന്റ് കമ്മിറ്റി - ചുമതലകൾ നിറവേറ്റുന്നില്ല | 1-33 |
| 70 | ഗ്രാമസഭ യോഗം - അവലോകനം | 1-34 |
| 71 | ഓഡിറ്റ് റിപ്പോർട്ടിന്മേൽ സ്വീകരിച്ച തുടർനടപടി വിവരം ലഭ്യമല്ല | 1-35 |
| 72 | വി.ഇ.ഒ യുടെ അക്കൗണ്ടിൽ അവശേഷിച്ച 467911/- രൂപ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തനത് ഫണ്ടിലേയ്ക്ക് മാറ്റി | 1-36 |
| 73 | ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് ഒടുക്കേണ്ട തുക ആവശ്യപ്പെട്ടിട്ടും നാളിതുവരെ തിരികെ ഒടുക്കിയിട്ടില്ല | 1-37 |
| 74 | SC കോളനി കുടിവെള്ള കുടിശ്ശിക പഞ്ചായത്ത് ഒടുക്കിയിരിക്കുന്നു | 1-38 |
| 75 | പർച്ചേസ് ചെയ്ത പമ്പുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-39 |
| 76 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വയോജനങ്ങൾക്ക് വിനോദയാത്ര - 103050 രൂപ | 1-40 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു | |
| 77 | കാർഷിക മേഖല - കിഴങ്ങ് വർഗ്ഗ കിറ്റ് വിതരണം പദ്ധതി - അപാകത | 1-41 |
| 78 | സ്ത്രീപദവി പഠനം - പെൺ അടയാളങ്ങൾ -വിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല. | 1-42 |
| 79 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നു വാങ്ങൽ-- മരുന്നുകളുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല | 1-43 |
| 80 | ക്യാൻസർ നിയന്ത്രണ പദ്ധതി - ചെലവ് വിവരങ്ങൾ ലഭ്യമല്ല. | 1-44 |
| 81 | അതിദാരിദ്ര്യ നിർമാർജ്ജന പദ്ധതിമരുന്ന് വിതരണം -മരുന്നുകൾ ലഭ്യമായിട്ടില്ല | 1-45 |
| 82 | ശമ്പളപരിഷ്കരണത്തിന് ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം വാങ്ങിയിട്ടില്ല | 1-46 |
| 83 | ജീവനക്കാരുടെ സേവനപുസ്തക പരിപാലനത്തിലെ അപാകതകൾ | 1-47 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **26.07.23 ലെ 14(1)-ാം നം. ജനറൽ കമ്മിറ്റി** തീരുമാനം പ്രകാരം തയ്യാറാക്കി **29.07.23** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **മാണിക്കൽ ഗ്രാമ പഞ്ചായത്തിന്റെ** മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.23 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **മാണിക്കൽ ഗ്രാമ പഞ്ചായത്തിന്റെ** 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

എ) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ തുടങ്ങി അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. മേൽപ്പറഞ്ഞവ ലഭ്യമാക്കിയിട്ടില്ലെങ്കിലും ആയതു കൂടി പരിഗണിച്ചാണ് തൻവർഷത്തെ വാർഷിക ധനകാര്യപത്രിക തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 2/25.10.23 നുള്ള മറുപടി).

ബി) തൻ വർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ B-1 ഷെഡ്യൂൾ (Vertical) വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല.

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനോടൊപ്പം ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1013193 രൂപയാണ്. എന്നാൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2766605 രൂപയാണ്. മേൽ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വിശദമായി പരിശോധിച്ച ശേഷം മറുപടി സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 2/25.10.23 നുള്ള മറുപടി). വ്യത്യാസം സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

### 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. താഴെ പറയുന്ന അക്രൂവൽ ഇനങ്ങളുടെ ഡിമാന്റ് എൻട്രി പ്രതിമാസവും തയ്യാറാക്കിയിട്ടില്ല.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൌച്ചർ നം./തീയതി |
|---|---|---|
| 110100101 | Property Tax On Residential Buildings | 42201818/31.03.23 |
| 110100102 | Property Tax On Non-residential Buildings | 42201820/31.03.23 |

പ്രതിമാസ അക്രൂവൽ വസ്തുനികുതി കണക്കാക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ വർഷാരംഭത്തിലാണ് പ്രതീക്ഷിത വരവ് ബുക്ക് ചെയ്യുന്നതെന്ന് ഓഡിറ്റ് അന്വേഷണം നമ്പർ 2/25.10.23 നുള്ള മറുപടി പ്രകാരം അറിയിച്ചിട്ടുണ്ട്.

വരും വർഷങ്ങളിൽ കൃത്യമായി പ്രതിമാസ ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തേണ്ടതാണ്.

### 1-1-4 വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല

2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത ഷെഡ്യൂളിൽ Purchase Of Material – Stores (ഹെഡ് നം.430100102) ഇനത്തിൽ 46232 രൂപ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 2/25.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

### 1-1-5 കുടിശ്ശിക തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉദാഹരണമായി ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി- 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ജനപ്രതിനിധികളുടെ ഹോണറേറിയം പോലുള്ള ചെലവുകൾക്ക് മാസാവസാനം അടുത്തമാസത്തേയ്ക്ക് ലയബിലിറ്റി ബുക്ക് ചെയ്ത ശേഷമാണ് ചെലവ് ചെയ്യുന്നതെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 2/25.10.23 നുള്ള മറുപടി). എന്നാൽ മാർച്ച് മാസത്തെ മേൽ ചെലവിന് 31.03.23 ൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. മാർച്ച് മാസം പൂർത്തീകരിക്കാനുള്ള എല്ലാ ചെലവുകൾക്കും ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ ഉൾപ്പെടുത്തേണ്ടതാണ്.

### 1-1-6 Stale Cheque തുകകൾ കാലാവധി കഴിഞ്ഞവ വരുമാന ശീർഷകത്തിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല

2021-22, 2022-23 വർഷത്തെ B-9 ഷെഡ്യൂളിലെ Liability In Respect Of Stale Cheque ഇനത്തിൽ 1,06,556/- രൂപ നീക്കിയിരിപ്പുണ്ട്. അതിൽ 40,506/- രൂപ 31.03.20 ലെ ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തിയിട്ടുള്ളതാണ്. പ്രസ്തുത തുകയുടെ ചെക്ക് നമ്പർ, തീയതി എന്നിവ ലഭ്യമല്ല. പ്രസ്തുത തുക കാലാവധി കഴിഞ്ഞതാണോ എന്ന് പരിശോധിച്ച് കാലാവധി കഴിഞ്ഞ തുകകൾ വരുമാന ശീർഷകത്തിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

Stale Cheque നീക്കിയിരിപ്പ് തുകകൾ നിയമാനുസൃതം വരവ് പിടിക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 2/25.10.23 നുള്ള മറുപടി). നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 1-1-7 ആസ്തികൾ സൃഷ്ടിക്കുന്നതിനായി നൽകിയ പാർട്ട് ബില്ലുകൾക്ക് തത്തുല്യമായ തുക Capital Work In Progress ആയി ഉൾപ്പെടുത്തിയില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി - 11(b) ഷെഡ്യൂളിലെ Capital Work In Progress ലെ തുക 0 ആണ്. എന്നാൽ ലഭ്യമാക്കിയ പാർട്ട് ബിൽ സ്റ്റേറ്റ്മെന്റ് പ്രകാരം ആസ്തി നിർമ്മാണത്തിനായി പ്രോജക്ട് നമ്പർ 164/23 -പുഴയൊഴുകും

മാണിക്കൽ-വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സോക്പിറ്റ് നിർമ്മാണത്തിനായി ചെലവഴിച്ച 185895 രൂപയും പ്രോജക്ട് നം. 71/23 പ്രകാരം ടേക്ക് എ ബ്രേക്ക് നായി ചെലവഴിച്ച 633616 രൂപയും ചേർത്ത് ആകെ 819511 രൂപ Capital Work In Progress ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.23/28.10.23). വരും വർഷങ്ങളിൽ ആസ്തികൾ സൃഷ്ടിക്കുന്നതിനായി നൽകുന്ന പാർട്ട് ബില്ലുകൾക്ക് തത്തുല്യമായ തുക Capital Work In Progress ആയി ഉൾപ്പെടുത്തേണ്ടതാണ്.

## 1-1-8 രസീത് തെറ്റായ ശീർഷകത്തിൽ നൽകി

എ) RP-4 ഷെഡ്യൂളിൽ 140400199 - Other Fees ഹെഡിന്റെ ലെഡ്ജർ പരിശോധിച്ചതിൽ (Narration പ്രകാരം) സ്ഥാപനത്തിന്റെ പല വരവുകളും തെറ്റായി ടി ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | രസീത് നം./തീയതി | തുക | ഉൾപ്പെടുത്തേണ്ടിയിരുന്ന വരവ് ഹെഡ്/ഇനം |
|---|---|---|---|
| 1 | 1220400005/16.04.22 | 50 | 140100102-Registration Fee From Private Hospital & Paramedical Institutions |
| 2 | 1220100094/18.04.22 | 50 | |
| 3 | 1220400051/19.04.22 | 50 | |
| 4 | 1220400196/25.04.22 | 50 | |
| 5 | 1220400363/19.05.22 | 500 | 130300101-Rent From Auditoriums And Halls |
| 6 | 1220401190/27.06.22 | 220 | 140120101-Permit Fee For Construction Of Buildings |
| 7 | 1220407587/03.03.23 | 50 | 140100102-Registration Fee From Private Hospital & Paramedical Institutions |
| 8 | 1220407938/09.03.23 | 50 | |
| 9 | 1220408140/13.03.23 | 50 | |
| 10 | 1220408495/18.03.23 | 50 | |

ബി) RP-4 ഷെഡ്യൂളിൽ 140110109 - Licence Fees For Domestic Dogs And Pigs ഹെഡിൽ ഉൾപ്പെടുത്തേണ്ടിയിരുന്ന (ലെഡ്ജറിലെ Narration പ്രകാരം) ചുവടെ പറയുന്ന വരവ് തുകകളെ തെറ്റായി 140110199 - Other Licence Fees ഹെഡിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് കാണുന്നു.

| ക്രമ നം. | രസീത് നം./തീയതി | തുക |
|---|---|---|
| 1 | 1220403815/18.11.22 | 50 |
| 2 | 1220403943/25.11.22 | 50 |
| 3 | 1220403957/26.11.22 | 50 |

സി) ബാങ്ക് പലിശ ഇനത്തിൽ വരവ് ലഭിച്ച 2344 രൂപ RP-9 ഷെഡ്യൂളിൽ 171100101 - Interest From Bank Accounts ഹെഡ്ഡിൽ ഉൾപ്പെടുത്തുന്നതിനു പകരം RP-5 ഷെഡ്യൂളിൽ ഹെഡ്ഡ് നം. 150300101 - Receipts From Miscellaneous Sales ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.23/28.10.23).

ഡി) ഹെഡ് നം.150100199 – Receipts From Sale Of Other Products യുടെ ലെഡ്ജർ പരിശോധിച്ചതിൽ Life Mission State Share For Housing Scheme ഇനത്തിൽ ലൈഫ് മിഷനിൽ നിന്നും ലഭിച്ച 300000 രൂപ തെറ്റായി ടി ഹെഡ്ഡിൽ വരവ് ചേർത്തിട്ടുള്ളതായി കാണുന്നു.

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.45/01.11.23). രസീത് തെറ്റായ ശീർഷകത്തിൽ നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-1-9 രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല

എ) ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്ററിൽ തൻവർഷത്തെ ഡെപ്പോസിറ്റ് തുകകളുടെ വിവരങ്ങൾ മാത്രമാണ് ഉള്ളത്. ആയതിനാൽ വാർഷിക ധനകാര്യപത്രിക പ്രകാരം മുന്നിരിപ്പുള്ള ഡെപ്പോസിറ്റ് തുകകളിൽ

കാലഹരണപ്പെട്ടവയുണ്ടോയെന്ന വിവരം ലഭ്യമല്ല.

ബി) 2022-23 വർഷത്തെ അഡ്വാൻസ് രജിസ്റ്ററിൽ നിർവ്വഹണ ഏജൻസികൾക്ക് നൽകുന്ന അഡ്വാൻസ് തുകകൾ സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല.

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.23/28.10.23).

സി) HUDCO ലോൺ സംബന്ധിച്ച രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ലഭ്യമാക്കിയ ലോൺ രജിസ്റ്ററിൽ ഇ.എം.സ് ലോണിന്റെ വിവരങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ബന്ധപ്പെട്ട പ്രോജക്ട് നിർവ്വഹണം നടത്തുന്ന വിഇഒ ഓഫീസിൽ ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട് എന്ന നിഗമനത്തിലാണ് രജിസ്റ്റർ സൂക്ഷിക്കാത്തതെന്ന് മറുപടി നൽകിയിരിക്കുന്നു (ഓഡിറ്റ് അന്വേഷണം നമ്പർ 9/26.10.23 നുള്ള മറുപടി).

എല്ലാ ലോണുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ലോൺ രജിസ്റ്റർ പൂർത്തിയാക്കേണ്ടതും മറ്റ് രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ കാലികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-10 രജിസ്റ്ററുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

Profession Tax - Traders (Current) ഇനത്തിന്റെ രജിസ്റ്റർ പ്രകാരമുള്ള ഡിസിബി തുകകളും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക | രജിസ്റ്റർ പ്രകാരമുള്ള തുക |
|---|---|---|
| ഡിമാന്റ് | 632680 | 632680 |
| കളക്ഷൻ | 630080 (412150+217930) | 632680 |
| ബാലൻസ് | 2600 * | 0 |

* എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം ലഭിക്കാനുള്ള കുടിശ്ശിക തുക 2000 രൂപയാണ്.

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവിന് അനുസൃതമായി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിന് ബന്ധപ്പെട്ട സെക്ഷന് നിർദ്ദേശം നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 9/26.10.23 നുള്ള മറുപടി). അപാകത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-11 വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത ഡെപ്പോസിറ്റ് തുക ബന്ധപ്പെട്ട ഹെഡ്ഡിൽ ഉൾപ്പെട്ടിട്ടില്ല

സുലേഖ ചെലവ് പത്രിക പ്രകാരം 2022-23 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 166/23- വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് തുക കൈമാറൽ പദ്ധതിയുടെ ഭാഗമായി 450000 രൂപ കെ.എസ്.ഇ.ബിയ്ക്ക് അനുവദിച്ചിരുന്നു. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത ടി തുക ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിൽ ബന്ധപ്പെട്ട ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ പ്രവൃത്തി പൂർത്തിയായിട്ടുള്ളതാണെന്നും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചു എന്ന നിഗമനത്തിലാണ് പ്രസ്തുത തുക ഉൾപ്പെടുത്താത്തതെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 23/28.10.23 നുള്ള മറുപടി). അപാകത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-12 MGNREGS-റീക്കൂപ്പ് ചെയ്യാനുള്ള അഡ്വാൻസ് തുകയിൽ അവ്യക്തത

ബാലൻസ് ഷീറ്റിലെ ഹെഡ് നം. 460500801 - Advance To Mahatma Gandhi NREGA/AUEGS Administrative Expense ഇനത്തിന്റെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകകളും അഡ്വാൻസ് രജിസ്റ്റർ, NREGS ക്യാഷ് ബുക്ക്/സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക ധനകാര്യപത്രിക പ്രകാരം | അഡ്വാൻസ് രജിസ്റ്റർ പ്രകാരം | NREGS ക്യാഷ് ബുക്ക് പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് | 1133351 (2021-22 ബാലൻസ് ഷീറ്റ് പ്രകാരം) | 1662566 * | 1125746 |
| വരവ് (2022-23 വർഷം അഡ്വാൻസ് ഇനത്തിൽ നൽകിയ തുക) | 222850 [RP-49 (P)] | 1804367 | 1956921 |

| | | | |
|---|---|---|---|
| ചെലവ് (2022-23 വർഷം റീക്ലപ്പ് ചെയ്ത തുക) | 64821 [RP-49 R)] | 599600 | 599600 |
| നീക്കിയിരിപ്പ് | 1291380 (2022-23 ബാലൻസ് ഷീറ്റ് പ്രകാരം) | 2867333 | 2483067 |

* അഡ്വാൻസ് രജിസ്റ്റർ പ്രകാരം Advance To Mahatma Gandhi NREGA/AUEGS Administrative Expense ഇനത്തിന്റെ മുന്നിരിപ്പായി വാർഷിക ധനകാര്യപത്രികയിലെ മുന്നിരിപ്പിനോടൊപ്പം ഹെഡ് നം. 460500499 – Advance To Other Accredited Agencies ന്റെ മുന്നിരിപ്പ് തുകയായ 529215 രൂപ കൂടി എടുത്തിരിക്കുന്നു.

പൊരുത്തക്കേടിനുള്ള വിശദീകരണം, Advance To Other Accredited Agencies ന്റെ മുന്നിരിപ്പ് തുകയായ 529215 രൂപ NREGS ന് നൽകിയ തുകയാണെങ്കിൽ ആയത് സാധൂകരിക്കുന്ന രേഖകൾ എന്നിവ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 23/28.10.23 നുള്ള മറുപടി പ്രകാരം Advance To Other Accredited Agencies ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക NREGS അഡ്വാൻസ് തുക തന്നെയാണെന്ന് അറിയിച്ചിരിക്കുന്നു. കൂടാതെ ടി ഹെഡ്ഡിന്റെ ലെഡ്ജറിന്റെ പകർപ്പും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പൊരുത്തക്കേട് സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ പരിശോധന നടത്തേണ്ടതും NREGS ന് അനുവദിച്ചിട്ടുള്ള അഡ്വാൻസ് തുകയിൽ ഇനിയും റീക്ലപ്പ് ചെയ്യാനുള്ള തുകയുടെ കണക്ക് കൃത്യമായി കണ്ടെത്തി ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും വാർഷിക കണക്കിലെ അപാകത പരിഹരിക്കേണ്ടതുമാണ്.

## 1-1-13 ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ബാങ്ക് നീക്കിയിരിപ് തുകയുമായി പൊരുത്തപ്പെടുന്നില്ല

എ) ബാലൻസ് ഷീറ്റ് ബി - 4 ഷെഡ്യൂൾ പ്രകാരം MGNREGS ന്റെ നീക്കിയിരിപ്പ് 0 ആണ് . എന്നാൽ ബന്ധപ്പെട്ട യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യയിലെ അക്കൗണ്ട് (അക്കൗണ്ട് നമ്പർ - 444702010008779) നീക്കിയിരിപ്പ് ബാങ്ക് ബുക്ക് പ്രകാരം 88282 രൂപയും പാസ്ബുക്ക് പ്രകാരം 29741 രൂപയുമാണ്.

പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയായ 29741 യുടെ പേയ്മെന്റ് 04/23 ൽ നടന്നിട്ടുള്ളതാണെന്ന് അറിയിച്ചിരിക്കുന്നു (ഓഡിറ്റ് അന്വേഷണം നമ്പർ 9/26.10.23 നുള്ള മറുപടി). എന്നാൽ ബാങ്ക്ബുക്കിൽ അത്തരമൊരു ചെലവ് ഉൾപ്പെട്ടിട്ടില്ല.

ബി) ബാലൻസ് ഷീറ്റ് ബി - 2 ഷെഡ്യൂൾ പ്രകാരം Panchayat's Disterss Relief Fund – ന്റെ നീക്കിയിരിപ്പ് 66966/- രൂപ ആണ് . എന്നാൽ ബന്ധപ്പെട്ട യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യയിലെ അക്കൗണ്ട് (അക്കൗണ്ട് നമ്പർ - 444702010008162) നീക്കിയിരിപ്പ് ബാങ്ക് ബുക്ക് പ്രകാരം 84706 രൂപയും പാസ്ബുക്ക് പ്രകാരം 22959 രൂപയുമാണ്.

വോളണ്ടറി ഡൊണേഷൻസ് & കോൺട്രിബ്യൂഷൻസ് ഹെഡ്ഡ് പ്രകാരം ഇ പേയ്മെന്റ് അക്കൗണ്ട്, തനത് ഫണ്ട് എന്നിവയിലൂടെ ലഭിച്ച തുക ബന്ധപ്പെട്ട അക്കൗണ്ടിലേയ്ക്ക് മാറ്റേണ്ടതുള്ളതിനാലാണ് നീക്കിയിരിപ്പ് അധികമായി കാണുന്നതെന്ന് അറിയിച്ചിരിക്കുന്നു (ഓഡിറ്റ് അന്വേഷണം നമ്പർ 9/26.10.23 നുള്ള മറുപടി). എന്നാൽ ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് അതിലും കൂടുതലായി കാണപ്പെടുന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ബാങ്ക് അക്കൗണ്ടുകളിലെ 2023 മാർച്ച് 31 ലുള്ള നീക്കിയിരിപ്പ് തുക ബി-4 ഷെഡ്യൂളിൽ ഉൾപ്പെടുത്താത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-1-14 ബാങ്ക് അക്കൗണ്ടുകളുടെ വിവരം അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ല

എ) ILGMS ൽ ഉൾപ്പെടുത്തിയിട്ടുള്ള ചുവടെ പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ വിവരം അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ബാങ്ക് അക്കൗണ്ട് നം. | റിമാർക്ക്സ് |
|---|---|---|
| 1 | 110042585391 | CANARA BANK Health Grant Towards Building Less Sub Centers അക്കൗണ്ട്. |
| 2 | 444702010008435 | Union Bank അക്കൗണ്ട്. |

ക്രമ നം. 1 പ്രകാരമുള്ള അക്കൗണ്ടിൽ നാളിതുവരെ ഇടപാടുകൾ ആരംഭിച്ചിട്ടില്ലാത്തതിനാലും ക്രമ നം. 2 പ്രകാരമുള്ള അക്കൗണ്ട്, അക്കൗണ്ട് കറപ്ഷൻ കാരണം ക്ലോസ് ചെയ്തതാണെന്നും മറുപടി നൽകിയിരിക്കുന്നു (ഓഡിറ്റ് അന്വേഷണം നമ്പർ 9/26.10.23 നുള്ള മറുപടി). എന്നാൽ യൂണിയൻ ബാങ്ക് അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് പരിശോധിച്ചതിൽ ടി അക്കൗണ്ട് നാളിതുവരെ ക്ലോസ് ചെയ്തിട്ടില്ലായെന്നും 2023-24 ൽ ടി അക്കൗണ്ടിൽ ഇടപാടുകൾ

നടന്നിട്ടുള്ളതായും കാണുന്നു. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

ബി) വാതിൽപ്പടി സേവനത്തിനായി യൂണിയൻ ബാങ്കിൽ 13.05.2022 തീയതിയിൽ ആരംഭിച്ചിട്ടുള്ളതും 2022-23 വർഷം 5000 രൂപ വരവുള്ളതുമായ 444702010022453 നമ്പർ അക്കൗണ്ടിന്റെ വിവരങ്ങൾ R&P ഷെഡ്യൂളിലും ബാലൻസ് ഷീറ്റിലും ഉൾപ്പെട്ടിട്ടില്ല.

മേൽ അക്കൗണ്ട് അസി.സെക്രട്ടറിയുടെയും പഞ്ചായത്ത് പ്രസിഡന്റിന്റെയും പേരിലായതിനാൽ പഞ്ചായത്ത് അക്കൗണ്ടിൽ കണക്ക് സൂക്ഷിക്കുന്നില്ല എന്നറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 45/01.11.23 നുള്ള മറുപടി). പഞ്ചായത്തിന്റെ എല്ലാ ആക്ടീവ് അക്കൗണ്ടുകളുടെയും വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

### 1-1-15 ലഡ്ജർ ബാലൻസുകൾ ബന്ധപ്പെട്ട രജിസ്റ്ററുകളുമായി ഓരോ മാസവും പൊരുത്തപ്പെടുത്തുന്നില്ല

വരവ് രജിസ്റ്ററുകൾ ഓരോ മാസവും ക്ലോസ് ചെയ്ത് ലെഡ്ജർ ബാലൻസുമായി പൊരുത്തപ്പെടലുകൾ നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വാർഷിക ക്ലോസിംഗ് മാത്രമാണ് നടത്തിയിട്ടുള്ളത്. കൂടാതെ രജിസ്റ്ററിലെ വാർഷിക സംക്ഷിപ്തം സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

അപാകത പരിഹരിച്ച് ബോധ്യപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 9/26.10.23 നുള്ള മറുപടി). തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 1-1-16 കളക്ഷൻ ഇല്ലാത്ത ഡിമാന്റ് ഇനത്തിന് ബാലൻസ് ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രിക പ്രകാരം ഹെഡ് നം. 130800199 - Other Rents ഇനത്തിൽ 1125 രൂപയുടെ ഡിമാന്റ് കാണുന്നു. എന്നാൽ റസീപ്റ്റ് & പേയ്മെന്റ് പ്രകാരം Other Rents (ഹെഡ് നം. 431400198) ന് കളക്ഷൻ ഇല്ല. കൂടാതെ ബാലൻസ് ഷീറ്റിൽ ടി ഇനത്തിൽ കുടിശ്ശിക രേഖപ്പെടുത്തിയിട്ടില്ല.

വിവരങ്ങൾ പരിശോധിച്ച് ബോധ്യപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 9/26.10.23 നുള്ള മറുപടി). അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും മേൽ തുക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

### 1-1-17 Prior Period തുകകളെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല

വാർഷിക കണക്ക് പ്രകാരം ചുവടെ പറയുന്ന തുകകൾ Prior Period ആയി ക്രമീകരിച്ചിട്ടുണ്ട്.

| ഹെഡ് നം. | ഇനം | തുക |
|---|---|---|
| 190100101 | Prior Period Income - Property Tax | -10952 |
| 190100102 | Prior Period Income - Profession Tax - Institutions/Professionals/Traders | 8750 |
| 190300404 | Prior Period Income - Recovery Of Unutilized Grants/Funds | 205257 |

മേൽ തുകകളെ സാധൂകരിക്കുന്ന രേഖകൾ, ഭരണസമിതി തീരുമാനം എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 9/26.10.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം 2022-23 വർഷം പ്രോജക്ട് മുഖേന തനത് ഫണ്ടിൽ നിന്നും കെൽട്രോണിന് നൽകേണ്ട തുകയായ 205257/- രൂപ തെറ്റായി എക്സൈസ് വകുപ്പിനു നൽകുകയും ആയത് തിരികെ ലഭിക്കുകയും പ്രസ്തുത തുക ചെലവ് ചെയ്യുകയും ചെയ്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 9/26.10.23 നുള്ള മറുപടി). എന്നാൽ ടി തുകയുടെ ചെലവ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പട്ടിക പ്രകാരമുള്ള തുകകൾ Prior Period ആയി ക്രമീകരിച്ചിട്ടുള്ളതിനെ സാധൂകരിക്കുന്ന രേഖകൾ, ഭരണസമിതി തീരുമാനം എന്നിവ ലഭ്യമാക്കേണ്ടതാണ്.

### 1-1-18 Excess Of Income Over Expenditure നിർണ്ണയിച്ചതു വ്യക്തമല്ല

2022-23 വർഷത്തെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പ്രകാരം 310900101- Excess Of Income Over Expenditure ഹെഡിലെ നീക്കിയിരിപ്പ് തുക 28318669 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി-1 പ്രകാരം 310900101-Excess Of Income Over Expenditure ലെ തുക 32980914 ആണ്. ബി-1 ഷെഡ്യൂൾ പ്രകാരമുള്ള Excess Of Income Over Expenditure നിർണ്ണയിച്ചതു സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

വിശദമായ പരിശോധനയ്ക്ക് ശേഷം റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 9/26.10.23 നുള്ള മറുപടി). തുക നിർണയിച്ചതു സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമാക്കേണ്ടതാണ്.

## 1-1-19 ബാങ്കിൽ നിക്ഷേപിച്ച ചെക്ക് നാളിതുവരെ ക്രെഡിറ്റ് ആയിട്ടില്ല

എ) UNION BANK OF INDIA-OWN FUND (അക്കൗണ്ട് നം.444702010013537) ന്റെ 31.03.23 ലെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Deposited But Not Cleared ഇനത്തിൽ 675633/- രൂപ അവശേഷിക്കുന്നു. അതിൽ 31.03.23 ൽ ഡെപ്പോസിറ്റ് ചെയ്ത ചെക്കുകളിലെ ആകെ തുകയായ 608586/- രൂപ ഒഴികെയുള്ളവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നം./തീയതി | തുക |
|---|---|---|
| 1 | 6032633/23.03.20 | 3000 |
| 2 | 5792833/31.10.20 | 3000 |
| 3 | 016879/17.06.22 | 2521 |
| 4 | 113305/15.10.22 | 33444 |
| 5 | 4644643/20.5.20 | 5750 |
| 6 | 016934/03.01.23 | 3789 |
| 7 | 016880/17.06.22 | 15543 |
| | **ആകെ** | **67047** |

ബി) Union Bank Of India (അക്കൗണ്ട് നം.444702010008162) യുടെ 31.03.23 ലെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Deposited But Not Cleared ഇനത്തിൽ സമയ പരിധി കഴിഞ്ഞിട്ടും കളക്ഷനാകാതെ 63520/- രൂപ അവശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നം./തീയതി | തുക |
|---|---|---|
| 1 | 420665/06.11.22 | 8000 |
| 2 | 568767/27.09.22 | 7950 |
| 3 | 568768/27.09.22 | 1250 |
| 4 | 315957/06.11.22 | 46320 |

മേൽ ചെക്കുകൾ പ്രകാരമുള്ള തുകകൾ നാളിതുവരെ അക്കൗണ്ടിൽ ക്രെഡിറ്റ് ആകാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.55/2.11.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ചെക്കുകൾ പണമാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-20 ബാങ്കിൽ നേരിട്ട് ക്രെഡിറ്റായ തുക രസീത് നൽകി കണക്കിലെടുത്തിട്ടില്ല

LGTSB SUB TREASURY (അക്കൗണ്ട് നം.799013000000477) ന്റെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Directly Credited By Bank ഇനത്തിൽ ഇനത്തിൽ 70690 രൂപ അവശേഷിക്കുന്നു. പ്രസ്തുത തുകകൾ രസീത് നൽകി കണക്കിലെടുത്തിട്ടില്ല.

ബാങ്കുകൾ മുഖേന നേരിട്ട് ക്രെഡിറ്റ് ചെയ്ത തുകകളെല്ലാം തന്നെ രസീത് പ്രകാരം ക്രമീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 55/02.11.23 നുള്ള മറുപടി). എന്നാൽ ടി തുകകൾ നാളിതുവരെ രസീത് നൽകി കണക്കിലെടുത്തിട്ടില്ല. ആയതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-21 Directly Debited By Bank- തുകകൾ ക്രമീകരിച്ചിട്ടില്ല

എ) CANARA BANK (അക്കൗണ്ട് നം. 6646101001676) ന്റെ 31.03.23 ലെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Directly Debited By Bank ഇനത്തിൽ 8948 രൂപ അവശേഷിക്കുന്നു. അതിൽ 8944 രൂപ 30.09.22 തീയതിയിൽ ഡെബിറ്റ് ആയ തുകയാണ്. ടി തുക ക്രമീകരിക്കുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല.

ബി) UNION BANK OF INDIA (അക്കൗണ്ട് നം. 444702010022355) ന്റെ 31.03.23 ലെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Directly Debited By Bank ഇനത്തിൽ 13100 രൂപ അവശേഷിക്കുന്നു. മേൽ തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

ബാങ്കുകൾ മുഖേന നേരിട്ട് ഡെബിറ്റ് ചെയ്ത തുകകളെല്ലാം തന്നെ പേയ്മെന്റ് പ്രകാരം ക്രമീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 55/02.11.23 നുള്ള മറുപടി). എന്നാൽ തുടർപരിശോധനയിൽ ടി തുകകൾ നാളിതുവരെ പേയ്മെന്റ് ഓർഡർ നൽകി ക്രമീകരിച്ചിട്ടില്ല എന്നു കാണുന്നു. ആയതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-22 മൂന്ന് മാസമായിട്ടും പണമാക്കാത്ത ചെക്ക് Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

എ) LGTSB SUB TREASURY (അക്കൗണ്ട് നം.799013000000477) ന്റെ 31.03.23 ലെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Issued But Not Presented Into Bank ഇനത്തിൽ 411611 രൂപ അവശേഷിക്കുന്നു. പ്രസ്തുത തുകയിൽ ഉൾപ്പെട്ട ചുവടെ പറയുന്ന ചെക്കുകൾ നൽകി 3 മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്തവയാണ്.

| ക്രമ നം. | ചെക്ക് നം./തീയതി | തുക |
|---|---|---|
| 1 | 5894412/01.12.22 | 295798 |
| 2 | 5894402/01.07.22 | 30065 |
| 3 | 5894405/03.08.22 | 12000 |
| | ആകെ | 337863 |

ബി) Union Bank Of India (അക്കൗണ്ട് നം.444702010008162) ന്റെ 31.03.23 ലെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Issued But Not Presented Into Bank ഇനത്തിൽ 2000 രൂപ അവശേഷിക്കുന്നു. നൽകി 3 മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത പ്രസ്തുത ചെക്ക് (095424/18.11.22) Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

സി) UNION BANK OF INDIA-OWN FUND (അക്കൗണ്ട് നം.444702010013537) ന്റെ 31.03.23 ലെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Issued But Not Presented Into Bank ഇനത്തിൽ 963410 രൂപ അവശേഷിക്കുന്നു. പ്രസ്തുത തുകയിൽ ഉൾപ്പെട്ട ചുവടെ പറയുന്ന ചെക്കുകൾ നൽകി 3 മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്തവയാണ്.

| ക്രമ നം. | ചെക്ക് നം./തീയതി | തുക |
|---|---|---|
| 1 | 129171/14.07.22 | 600 |
| 2 | 129175/14.07.22 | 3000 |
| 3 | 124365/14.03.22 | 16790 |
| 4 | 131393/06.10.22 | 540 |
| 5 | 128343/06.06.22 | 12000 |
| 6 | 128506/14.06.22 | 4860 |
| 7 | 131106/13.09.22 | 123688 |
| 8 | 132063/14.10.22 | 600 |
| 9 | 132071/18.10.22 | 740 |
| 10 | 132502/28.10.22 | 26457 |
| 11 | 133267/03.11.22 | 6000 |
| 12 | 133280/07.11.22 | 6000 |
| 13 | 134574/19.12.22 | 120 |
| | ആകെ | 201395 |

മേൽ ചെക്ക തുകകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.55/02.11.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം പ്രസ്തുത ചെക്കുകളുടെ തുകകൾ തിരികെ പണമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-1-23 MGNREGS വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല

MGNREGS ഇഎഫ് എംഎസ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുക 64381000/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ I-14(C), I-14(F) എന്നിവ പ്രകാരമുള്ള ആകെ ചെലവ് തുക 58219029/- രൂപയാണ്. കൂടാതെ I-14(F) പ്രകാരമുള്ള ചെലവ് തുകയായ 1343879/- രൂപ ക്യാഷ് ബുക്കിലെ ചെലവ് തുകയുമായി (628400/-) പൊരുത്തപ്പെടുന്നില്ല. കൂടാതെ ഭരണചെലവുകൾക്കായി ഗ്രാന്റിനത്തിൽ ലഭിച്ചിട്ടുള്ള തുക R&P ഷെഡ്യൂളിൽ ബന്ധപ്പെട്ട ഹെഡ്ഡിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല. ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് തുകയായ 658141/- രൂപ R&P ഷെഡ്യൂളിൽ ചുവടെ പറയുന്ന ഹെഡ്ഡുകളിലാണ് വരവായി ഉൾപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നം. | ഹെഡ് | തുക |
|---|---|---|
| 1 | 160100799 - Other Revenue Grants | 599600 |
| 2 | 160100611 - Centraly Sponsored Schemes Under The Macro Management Policy | 51441 |
| 3 | 140120199 - Fee For Other Permissions | 7100 |

വ്യതിയാനം സംബന്ധിച്ച് വിശദപരിശോധനയ്ക്ക് ശേഷം മറുപടി സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 45/01.11.23 നുള്ള മറുപടി). അപാകത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-24 ലെഡ്ജർ പ്രകാരമുള്ള വരവ് ചെലവ് വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല

ഹെഡ് നം.220800199 – Other Administrative Expences ന്റെ ട്രയൽ ബാലൻസ്, ബന്ധപ്പെട്ട ലെഡ്ജർ എന്നിവ പ്രകാരം ചെലവ് 131175 രൂപയാണ്. എന്നാൽ RP-13 ഷെഡ്യൂൾ പ്രകാരം പ്രസ്തുത ഹെഡ്ഡിന്റെ ചെലവ് 5300 രൂപയാണ്.

ബന്ധപ്പെട്ട ഹെഡ്ഡിലെ ചെലവ് 131175 രൂപയാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 45/01.11.23 നുള്ള മറുപടി). എന്നാൽ RP-13 ഷെഡ്യൂളിൽ തുക തെറ്റായി ഉൾപ്പെടുത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-1-25 ജേണൽ വൗച്ചറെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധരേഖകൾ സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല.
ഉദാ :- Prior Period Income (ഹെഡ് കോഡ് 190100101).

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം. 55/2.11.23). ജേണൽ വൗച്ചറുകളുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധരേഖകളും സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-1-26 അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ മറ്റ് നിരീക്ഷണങ്ങൾ

**(എ)** 2021-22 വർഷത്തെ ബാലൻസ് ഷീറ്റിൽ ബാധ്യതയായി നിലനിർത്തിയിരുന്ന ചുവടെ ചേർക്കുന്ന തുകകൾ 2022-23 ലും ബന്ധപ്പെട്ട ഹെഡ്ഡുകളിലേയ്ക്ക് ഒടുക്കിയതായി കാണുന്നില്ല.

| ക്രമ നം. | കോഡ് | ഇനം | 2022-23 ധനകാര്യപത്രിക പ്രകാരമുള്ള തുക |
|---|---|---|---|
| 2 | 350200119 | Recoveries Payable-Covid | 79398 |
| 3 | 350200203 | **Recoveries Payable-Kerala Building And Other Construction Workers Welfare Board (KCWWF)** | 43356 * |
| 4 | 350300103 | **Government And Other Dues Payable-Value Added Tax** | 300 |
| 5 | 350300111 | **Government And Other Dues Payable - Flood Cess** | 6671 |
| 6 | 350300112 | **Government And Other Dues Payable -Value Of Court Fee Stamp** | 1020 * |

* 2022-23 ലെ വരവ് തുക കൂടി ഉൾപ്പെട്ടത്.

പരാമർശിത ഹെഡ്ഡുകളിൽ ഉൾപ്പെട്ട റിക്കവറികളിൽ ചിലത് നടപ്പുസാമ്പത്തിക വർഷത്തെ ഒടുക്കുകളിൽ ഉൾപ്പെട്ടതാണെന്നും ബാക്കി തുകകൾ ഒടുക്കുന്നത് ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 2/25.10.23 നുള്ള മറുപടി). ഒടുക്കിയതായി അറിയിച്ചിരിക്കുന്ന തുകകളുടെ ഒടുക്കു വിവരം ലഭ്യമാക്കേണ്ടതും ബാക്കി തുകകൾ എത്രയും വേഗം ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

**(ബി)** B-9 ഷെഡ്യൂളിൽ ഹെഡ്ഡ് നം. 350300199 - Government And Other Dues Payable - Others ഇനത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ 104141/- രൂപയുടെ നീക്കിയിരിപ്പ് കാണുന്നു. തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തുക | ഒടുക്കിയ രസീത് നം./തീയതി | തുക ഒടുക്കിയത് | റിമാർക്ക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 11310 | 1220407157/22.2.23 | | Revenue Recovery For Un Utilising Amount Of Advance Received As Per Asraya Project For House Maintance By Bharathy, Charuvila Veedu, Aripra, Aliyadu As Per The Requisition Of VEO, Implementing Officer |
| 2 | 5655 | 1220407547/3.03.23 | | |
| 3 | 5655 | 1220408569/20.3.23 | | |
| 4 | 5655 | 1220408747/23.3.23 | | |
| 5 | 8096 | 1220408851/25.3.23 | SHANAVAS M R | TDS DUES |

പട്ടിക പ്രകാരമുള്ള തുകകൾ ബന്ധപ്പെട്ട സർക്കാർ ഹെഡ്ഡുകളിൽ നാളിതുവരെ ഒടുക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 2/25.10.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ക്രമ നം. 1 മുതൽ 4 വരെ പരാമർശിച്ചിരിക്കുന്ന റവന്യൂ റിക്കവറി നടപടികൾ നടപ്പു സാമ്പത്തിക വർഷവും തുടർന്നുവരുന്നതായും റിക്കവറി പൂർത്തിയാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഹെഡ്ഡിൽ ഒടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 2/25.10.23 നുള്ള മറുപടി). പട്ടിക പ്രകാരമുള്ള തുകകൾ എത്രയും വേഗം ബന്ധപ്പെട്ട ഹെഡ്ഡുകളിൽ ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**(സി)** ചുവടെ പറയുന്ന വരവ് തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

| ഹെഡ് കോഡ് | ഇനം | തുക | റിമാർക്സ് |
|---|---|---|---|
| 350110199 | Other Employee Liabilities Payable | 999 (1220403724/14.11.22) | രസീത് പ്രകാരമുള്ള Narration - EXCESS FOR NPS AMOUNT (Payee: ASHA ARAVIND) |

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.23/28.10.23). മേൽ തുകയുടെ വിശദാംശങ്ങൾ (തുക ഒടുക്കുവാനുള്ള സാഹചര്യം, എന്തിനുവേണ്ടി ഒടുക്കി എന്നീ വിവരങ്ങൾ) ലഭ്യമാക്കേണ്ടതാണ്.

**(ഡി)** 2021-22 ലെ ബാലൻസ് ഷീറ്റിൽ നിലനിന്നിരുന്ന ചുവടെ പറയുന്ന ഡെപ്പോസിറ്റുകൾ 2022-23 വർഷത്തിലും ക്രമീകരിച്ചിട്ടില്ല.

| ഹെഡ് | ഇനം | 2022-23 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|
| 340100201 | Contractors Security Deposit | 2000 |
| 340100202 | Suppliers Security Deposit | 44050 |
| 340100203 | Bidders Security Deposit | 3750 |
| 340100301 | Contractors' Retention | 50118 |
| 340100303 | Election Deposit | 93500 |
| 340109901 | Other Deposits | 13458 |
| 340200199 | Other Deposits | 11500 |
| 340200102 | Auction Deposit | 43171 |
| 340800101 | Deposit Received From Others | 7500 |
| 340100101 | Contractors' Earnest Money Deposit | 35224 * |
| 340200101 | Rent Deposit | 17300 * |
| 340200103 | Water Connection Deposit | 32190 ** |

* 2022-23 വർഷം ഡെപ്പോസിറ്റ് ലഭിച്ച തുക കൂടി ഉൾപ്പെട്ടത്.

** 2022-23 വർഷം തിരികെ നൽകിയ ഡെപ്പോസിറ്റ് തുക കുറച്ചത്.

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.7/08.08.23). കാലഹരണപ്പെട്ട തുകകൾ വരുമാന ശീർഷകത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും Other Deposits എന്ന ഇനത്തിൽ 2 ഹെഡ്ഡുകളിലായി തുക ഉൾപ്പെടുത്തിയിരിക്കുന്ന നീക്കിയിരിപ്പ് തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

**(ഇ)** 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം ചുവടെ പറയുന്ന അഡ്വാൻസ് ഇനങ്ങളിൽ നീക്കിയിരിപ്പുണ്ടായിരുന്ന തൻവർഷവും ക്രമീകരിച്ചിട്ടില്ല.

| ഹെഡ് കോഡ് | ഇനം | 2022-23 B-18 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| 460100103 | Temporary Advance For Official Purposes | 166315 |
| 460100199 | Other Advances | 65567 |
| 460509901 | Advance To Others | 96374 |
| 460500501 | Advance To Implementing Officers | 1863160 * |

* 2022-23 വർഷം അഡ്വാൻസ് നൽകിയ തുക കൂടി ഉൾപ്പെട്ടത്.

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.7/08.08.23). വർഷങ്ങളായി ക്രമീകരിക്കാൻ അവശേഷിക്കുന്ന തുകകൾ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**(എഫ്)** ബാലൻസ് ഷീറ്റ് ബി - 4 ഷെഡ്യൂൾ പ്രകാരം 320100123 – Integrated Low Cost Sanitation എന്ന ഹെഡിന്റെ നീക്കിയിരിപ്പ് -88260/- രൂപ ആണ്. കൂടാതെ RP-30 യിൽ ടി തുക Integrated Low Cost Sanitation ഹെഡ്ഡിൽ ചെലവായി കാണിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ലെഡ്ജർ പരിശോധിച്ചതിൽ ടി തുക വൗച്ചർ നം. 22201595/31.03.23 പ്രകാരം Treasury Account Of Joint Venture Projects അക്കൗണ്ടിൽ നിന്നും Other Charges ഇനത്തിൽ ട്രഷറിയിൽ നിന്നും ഈടാക്കിയ തുകയാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ബന്ധപ്പെട്ട Joint Venture അക്കൗണ്ടിന്റെ (അക്കൗണ്ട് നമ്പർ - 799011400001863) ട്രഷറി സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ അത്തരമൊരു ട്രാൻസാക്ഷൻ ഇല്ല.

ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 45/01.11.23 നുള്ള മറുപടി പ്രകാരം വിശദമായ പരിശോധനയ്ക്ക് ശേഷം റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-2 ബജറ്റ്

2022-23 ലെ ബജറ്റ് 16.03.2022 ലെ ഭരണസമിതി സാധാരണ യോഗം 1/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. കൂടാതെ 2022-23 ലെ പരിഷ്കരിച്ച ബജറ്റ് 23.02.2023 ലെ ഭരണസമിതി സാധാരണ യോഗം 16/1 നമ്പർ തീരുമാനം പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ്/പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | പരിഷ്കരിച്ച ബജറ്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക |
|---|---|---|
| മുന്നിരിപ്പ് | 19423322 | 25561142 |
| വരവ് | 878790116 | 656711298 |
| ആകെ | 898213438 | 682272440 |
| ചെലവ് | 893923612 | 672370785 |
| നീക്കിയിരിപ്പ് | 4289826 | 9901655 |

1994 കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215, തദ്ദേശസ്വയംഭരണവകുപ്പിന്റെ 2.12.16 ലെ ജി.ഒ.(ആർ.ടി)3291/16 /എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങളും പ്രവർത്തനഘട്ടങ്ങളും വാർഷിക ബജറ്റ് തയ്യാറാക്കിയിട്ടുള്ളതിൽ പാലിച്ചിട്ടുണ്ട്.

## 1-2-1 ബജറ്റ് അപാകങ്ങൾ

1. ബജറ്റ് രൂപീകരണം

എ) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം

2. ബജറ്റ് കുറിപ്പുകൾ (Annexure 6)

3. പെർഫോമൻസ് ബജറ്റ് (Annexure 10)

4. ജെൻഡർ ബജറ്റ് (Annexure 11)

5. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

എന്നാൽ മേൽപ്പറഞ്ഞവ ബജറ്റ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

ക്രമ നം. 1,2,5 എന്നിവ ഉൾപ്പെടെയുള്ള രേഖകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബജറ്റാണ് ഹാജരാക്കിയിട്ടുള്ളതെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ മേൽ രേഖകൾ ഒന്നും തന്നെ ബജറ്റിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

ബി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ബജറ്റിന്റെ പ്രതിമാസ അവലോകനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തിയതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

പ്രതിമാസ അവലോകനത്തിനു പകരം അർദ്ധവർഷത്തിലാണ് ബജറ്റ് അവലോകനം നടത്തുന്നതെന്നും നിർദ്ദേശങ്ങൾ തുടർന്ന് ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

സി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള അവലോകനം നടത്തിയതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സിലും ജനറൽ കമ്മറ്റി മിനിട്ട്സിലും രേഖപ്പെടുത്തിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകന യോഗങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിലും ജനറൽ കമ്മറ്റി തലത്തിലും വിളിച്ചു ചേർക്കാറുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

(അവലംബം - ഓഡിറ്റ് അന്വേഷണം നം.11/26.10.23)

2. ബജറ്റ് വകതിരുത്തൽ-ചെലവ്

2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ/പരിഷ്കരിച്ച ബജറ്റിൽ വകയിരുത്താതെ ചുവടെ പറയുന്ന ഇനങ്ങൾക്ക് തുക ചെലവഴിച്ചിരിക്കുന്നതായി കാണുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൌണ്ട് | എ.എഫ്.എസ്. പ്രകാരമുള്ള തുക | ഓഡിറ്റ് അന്വേഷണം നം. 17/27.10.23 ന് ലഭ്യമാക്കിയ മറുപടി |
|---|---|---|---|
| 1 | 2301003 – Diesel, Petrol, Gas & Lubricants For Generator | 23042 | ബജറ്റിൽ 2301002 - Diesel, Petrol, Gas & Lubricants ഹെഡിലാണ് തുക വകയിരുത്തിയിട്ടുള്ളത്. |
| 2 | 2302001 – Bulk Purchase Of | 4200 | ബജറ്റിൽ 2308001 - Miscellaneous Administrative |

| | | | |
|---|---|---|---|
| | Water For Distribution | | Expences ഹെഡിലാണ് തുക വകയിരുത്തിയിട്ടുള്ളത്. |
| 3 | 2305004-repaires& Maintenance -Culverts (Not Included In Annual Plan) | 10000 | ബജറ്റിൽ 2305099-Repairs & Maintenance – Other Fixed Assets ഹെഡിലാണ് തുക വകയിരുത്തിയിട്ടുള്ളത്. |
| 4 | 2308000 – Other Operating & Maintenance Expences | 144483 | ബജറ്റിൽ 2308001-Other Operating & Maintenance Expences ഹെഡിലാണ് തുക വകയിരുത്തിയിട്ടുള്ളത്. |

ബജറ്റിൽ/പരിഷ്കരിച്ച ബജറ്റിൽ തുക വകയിരുത്തിയ ഹെഡിൽ നിന്നല്ലാതെ മേൽപ്പറഞ്ഞ ഇനങ്ങൾക്ക് മറ്റ് ഹെഡ്ഡുകളിൽ നിന്നും തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 27166082 |
| ഓഡിറ്റ് വർഷത്തെ വരവ് | 81672866 |
| ആകെ | 108838948 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 80659673 |
| നീക്കിയിരിപ്പ് | 28179275 |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 35338937 | 35338937 | 36541130 | -1202193 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 8900299 | 8900299 | 11784915 | -2884616 |
| വികസനഫണ്ട് (CFC Tied) | 0 | 7359881 | 7359881 | 2469555 | 4890326 |
| വികസനഫണ്ട് (CFC Untied) | 0 | 5767401 | 5767401 | 5307026 | 460375 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 10274000 | 10274000 | 9686449 | 587551 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 10307000 | 10307000 | 6257441 | 4049559 |
| CSS | 0 | 0 | 0 | 2812232 | -2812232 |
| SSS | 0 | 0 | 0 | 2950820 | -2950820 |

ഗ്രാന്റ് വിനിയോഗം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. ചുവടെ ചേർക്കുന്ന ഗ്രാന്റുകളുടെ 2022-23 വർഷത്തെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവുകളും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| Fund/Grant | Item | Expenditure |
|---|---|---|
| Development Fund (General) | Grant Statement | 36541130 |
| | ACR + Source Deduction | 37618831 |
| | Accounts (I-6+ Corresponding Capital Contribution) | 36541130 |
| Development Fund (SCP) | Grant Statement | 11784915 |
| | ACR + Source Deduction | 12643798 |
| | Accounts (I-6) | 11784915 |
| Development Fund (CFC Tied) | Grant Statement | 2469555 |
| | ACR | 2544636 |
| | Accounts (I-6+ Corresponding Capital Contribution) | 3384071 |
| Development Fund (CFC UnTied) | Grant Statement | 5307026 |
| | ACR | 5307026 |
| | Accounts (I-6+ Corresponding Capital Contribution) | 5537781 |
| Maintenance Fund (Non Road) | Grant Statement | 9686449 |
| | ACR | 9693396 |
| | Accounts (I-6+ Corresponding Capital Contribution) | 9686449 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം Development Fund (General) ഫണ്ട്, Development Fund (SCP) എന്നിവയുടെ നീക്കിയിരിപ്പ് നെഗറ്റീവ് (യഥാക്രമം -1202193, -2884616) കാണുന്നു.

2. ഗ്രാന്റ് സ്റ്റേറ്റുമെന്റ് പ്രകാരം ഉള്ള CSS Fund, SSS Fund എന്നിവയുടെ ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികത ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം ഈയിനത്തിൽ വരവും സുലേഖ ചെലവുപത്രിക പ്രകാരം ഈയിനത്തിൽ നീക്കിയിരിപ്പുമുണ്ട്.

3. സർക്കാർ ഉത്തരവ് (കൈ)നം.84/2022/ത.സ്വ.ഭ.വ. തീയതി.19.04.22, ഖണ്ഡിക 6.1 പ്രകാരം പട്ടികജാതി ഉപപദ്ധതിവിഹിതം പാഴാക്കാനോ, വകമാറ്റി ചെലവഴിക്കാനോ പാടില്ല എന്നിരിക്കെ പട്ടികജാതി ഉപപദ്ധതിക്കായി വകയിരുത്തിയ ആകെ 14977449/- രൂപയിൽ 11784915/- രൂപ മാത്രമാണ് ചെലവഴിച്ചത്. 21% തുക ചെലവഴിക്കാതെ പാഴായിരിക്കുന്നു.

4. സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്ത് ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. എന്നാൽ വനിതാ ഘടക പദ്ധതിയ്ക്കായി വകയിരുത്തിയ 4509890/- രൂപയിൽ (മറ്റുള്ളവ ഒഴികെ) 2980538/- രൂപ മാത്രമാണ് (മറ്റുള്ളവ ഒഴികെ) ചെലവഴിച്ചിട്ടുള്ളത് (ചെലവ് ശതമാനം 66).

5. വനിതകൾ, ഭിന്നശേഷിയുള്ളവർ, മറ്റ് ദുർബലവിഭാഗങ്ങൾ, അതിദരിദ്രർക്കുവേണ്ടിയുള്ള മൈക്രോപ്ലാനുകൾ എന്നീ വിഭാഗങ്ങൾക്കുവേണ്ടി തയ്യാറാക്കിയ ചുവടെ പറയുന്ന പദ്ധതികൾക്കായി തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവ് ചെയ്തിട്ടില്ല.

| വിഭാഗം | പ്രോജക്ട് നം. | അടങ്കൽ തുക |
|---|---|---|
| വനിതകൾ | 103/23 | 1500000 |
| | 131/23 | 1080000 |
| | 199/23 | 150000 |
| | 205/23 | 315125 |

| | | |
|---|---|---|
| | 210/23 | 50000 |
| | 216/23 | 128000 |
| ഭിന്നശേഷിയുള്ളവർ | 115/23 | 100000 |
| മറ്റ് ദുർബലവിഭാഗങ്ങൾ | 126/23 | 99280 |
| അതിദരിദ്രർക്കുവേണ്ടിയുള്ള മൈക്രോപ്ലാനുകൾ | 231/23 | 87400 |

6. 2022-23 വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 14821715 | 9694673 | 65.4 |
| സേവനം | പൊതുവിഭാഗം | 75782238 | 47571751 | 62.7 |
| | പട്ടിക ജാതി | 42022080 | 14567997 | 34.6 |
| പശ്ചാത്തലം | പൊതുവിഭാഗം | 23449535 | 13456197 | 57.4 |

7. സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017 ലെ സ.ഉ(അ)07/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018 ലെ സ.ഉ(അ)100/2018/ധന., 24.01.2019 ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. 30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2022-23 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | 2022-23 ബി-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് തുക | വിഹിതം നൽകിയ സ്ഥാപനം |
|---|---|---|---|
| 1 | 320700405 | 472264 | ജില്ലാപഞ്ചായത്ത് |
| 2 | 320700205 | 95760 | ജില്ലാപഞ്ചായത്ത് |
| 3 | 320700204 | 1361425 * | ബ്ലോക്ക് പഞ്ചായത്ത് |
| 4 | 320700404 | 615601 | ബ്ലോക്ക് പഞ്ചായത്ത് |

* 2022-23 വർഷം വരവ് ലഭിച്ച തുക കൂടി ഉൾപ്പെടുത്.

8. സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കൊന്നും തന്നെ ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.15/27.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

9. 2021-22 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants/contributions ഇനത്തിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക 2022-23 ലും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | 2022-23 |
|---|---|---|

| കോഡ് | | ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുക |
|---|---|---|
| 320100174 | Swaccha Bharat Abhiyaan (Rural And Urban) | 180000 |
| 320100194 | Library Grant | 62720 |
| 320100197 | Literacy Scheme Grant | 34215 |
| 320200399 | **Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Other Purposes** | 384120 * |
| 320300102 | Grants, Funds & Contributions For Specific Purposes - Other Government Agencies - Jalanidhi | 102726 |
| 320300103 | Grants, Funds & Contributions For Specific Purposes - Other Government Agencies - Total Sanitation | 121246 |
| 320300199 | **Grants, Funds & Contributions For Specific Purposes - Other Government Agencies** | 4049828 ** |
| 320400199 | **Grants, Funds & Contributions For Specific Purposes - Other Financial Institutions** | 199994 ** |

* 2022-23 വർഷം ലഭിച്ച തുക കൂടി ഉൾപ്പെട്ടത്.

** 2022-23 വർഷം ചെലവഴിച്ചതിൽ ബാക്കി തുക.

പരിശോധിച്ച് വിശദമായ മറുപടി സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 2/25.10.23 നുള്ള മറുപടി). മേൽ ഹെഡ്ഡുകളിൽ അവശേഷിക്കുന്ന തുകകൾ എത്രയും വേഗം ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഫണ്ട് വിനിയോഗം


1) 2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ ഗവ. ഉത്തരവുകൾ മുഖേന ലഭിക്കുന്ന തുക | 2022-23 ൽ ചെലവഴിച്ചതുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 41290000 | 36541130 | 4748870 |
| വികസനഫണ്ട് എസ്.സി.പി | 11234000 | * 11234000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 10274000 | 9686449 | 587551 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 10307000 | 6257441 | 4049559 |
| **ആകെ** | **73105000** | **63719020** | **9385980** |


* ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ സുലേഖ അനുബന്ധം II പ്രകാരം എസ്.സി.പി. ചെലവ് 11234000/- രൂപ ആണ്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം 11784915/- രൂപ ആണ്. ആയത് വിശദീകരിക്കേണ്ടതാണ്.

**ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.**

**(1)**




**(2)**




ധനകാര്യ കമ്മീഷൻ ഗ്രാന്റ് വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | മുന്നിരിപ്പ് (2021-22 B-4 ഷെഡ്യൂൾ പ്രകാരം) | വരവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | ആകെ | ചെലവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | നീക്കിയിരിപ്പ് | നീക്കിയിരിപ്പ് (2022-23 B-4 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 2050718 | 7359881 | 9410599 | 2469555 | 6941044 | 5951447 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 46770 | 5767401 | 5814171 | 5307026 | 507145 | 460375 |

നീക്കിയിരിപ്പ് തുകകൾ വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ)

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | പദ്ധതികൾ | | | (മറ്റുള്ളവ ഒഴികെ) | (മറ്റുള്ളവ ഒഴികെ) | |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 17 | 12 | 5 | 3444885 | 2912365 | 84.5 |
| വെറ്റിനറി സർജൻ | 12 | 12 | 0 | 4917516 | 4605569 | 93.6 |
| മെഡിക്കൽ ഓഫീസർ – പി.എച്ച്.സി | 10 | 9 | 1 | 6831622 | 6483915 | 94.9 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 5 | 4 | 1 | 324420 | 296420 | 91.3 |
| മെഡിക്കൽ ഓഫീസർ –ആയുർവേദം | 8 | 8 | 0 | 1940000 | 1933653 | 99.7 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 1 | 10 | 10 | 0 | 38358000 | 14645354 | 38.2 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 12 | 11 | 1 | 8067050 | 6161909 | 76.4 |
| സെക്രട്ടറി | 48 | 27 | 21 | 32876328 | 19471949 | 59.2 |
| എച്ച്.എം. | 7 | 5 | 2 | 2537450 | 1452896 | 57.2 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 2 | 17 | 9 | 8 | 18121627 | 4409959 | 24.3 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 57 | 41 | 16 | 34819375 | 20529539 | 59 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 3 | 2 | 1 | 1579974 | 1355432 | 85.8 |
| അസിസ്റ്റന്റ് സെക്രട്ടറി | 15 | 9 | 6 | 3348099 | 2122436 | 63.4 |

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 47101063 | 36541130 | 77.6 |
| എസ്.സി.പി. | 14977499 | 11784915 | 78.7 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 15027667 | 7776581 | 51.7 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 6794722 | 2812232 | 41.4 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 22445294 | 2950820 | 13.1 |
| തനത് ഫണ്ട് | 13999339 | 5538083 | 39.5 |
| മറ്റ് ബ്ലോക്ക് പഞ്ചായത്ത് | 7247375 | 1136812 | 15.7 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 6973618 | 1839772 | 26.4 |
| മെയിന്റനൻസ് റോഡ് | 10467325 | 6257441 | 59.8 |
| മെയിന്റനൻസ് റോഡിതരം | 11727997 | 9686449 | 82.6 |
| മറ്റുള്ളവ | 55549321 | 2295125 | 4.13 |
| **ആകെ** | **212715667** | **88676521** | **41.7** |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴികെ) | ആകെ പദ്ധതി ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 221 | 159 | 62 | 157166346 | 86381396 | 55 |

ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022, ഖണ്ഡിക, 3.1.1 പ്രകാരം ആസൂത്രണസമിതി

പുന:സംഘടിപ്പിച്ചിട്ടുള്ളതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. കൂടാതെ പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിന്റെ വിശദാംശവും ലഭ്യമാക്കിയിട്ടില്ല.

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 ബി1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ലായെന്ന് കാണുന്നു. കൂടാതെ 2022-23 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപായി ആസൂത്രണ സമിതി യോഗം കൂടിയിട്ടുള്ളതായി കാണുന്നില്ല. 2022-23 വർഷം 3 തവണ 27.04.22, 29.06.22, 6.12.22 തീയതികളിൽ ആസൂത്രണ സമിതി യോഗം കൂടിയിട്ടുണ്ട്.

<u>വർക്കിംഗ് ഗ്രൂപ്പ്</u>

സ.ഉ.കൈ.നം. 84/2022 തസ്വഭവ തീയതി 19.04.2022 3.1.2 എ പ്രകാരം രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗ മിനിട്സ് പരിശോധിച്ചതിൽ എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് കാണുന്നു. ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|---|
| 1 | ആരോഗ്യം | 06.12.22 | ജനനി സുരക്ഷ-വനിത ക്ലിനിക് സ്ഥാപിക്കൽ |
| 3 | വനിത വികസനം | 29.6.22 | സ്ത്രീകൾക്ക് കരാട്ടെ പരിശീലനം, നാപ്കിൻ യൂണിറ്റ് പ്രവർത്തനം ആരംഭിക്കുക |
| 4 | മൃഗസംരക്ഷണം, ക്ഷീരവികസനം | 28.12.22 | Cow Lifting Machine |
| 5 | കുടിവെള്ളം, ശുചിത്വം | 31.12.22 | സ്കൂളുകളിൽ ബയോപാർക്ക് |
| 6 | വിദ്യാഭ്യാസം, കല, യുവജനക്ഷേമം | 29.6.22<br>06.12.22 | എല്ലാ വിദ്യാലയങ്ങളിലും ഹൈടെക് അടുക്കള<br>Cluster Talent പരിശീലനം |
| 7 | സാമൂഹ്യനീതി | 06.12.22<br>31.12.22 | വയോജന ജാഗ്രതാസമിതി<br>തീവ്രഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രിവിലേജ് കാർഡ് |
| 8 | ദാരിദ്രലഘൂകരണം | 28.12.22 | പഞ്ചായത്തിന്റെ കിഴക്കൻ മേഖല കേന്ദ്രീകരിച്ച് പുതിയ പകൽവീട് ആരംഭിക്കൽ |
| 9 | കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം | 29.12.22 | ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുക |

<u>സ്റ്റാറ്റസ് റിപ്പോർട്ട്</u>

പരിഷ്കരിച്ച സ്റ്റാറ്റസ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്റ്റാറ്റസ് റിപ്പോർട്ട് പരിഷ്കരിച്ചതിന്റെ നടപടിക്രമങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള താഴെ ചേർക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര നടപടികൾ പദ്ധതികൾ മുഖേന നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | മേഖല | തീവ്രത | പ്രശ്നം |
|---|---|---|---|
| 1 | ദാരിദ്രലഘൂകരണം | ഗുരുതരം | പട്ടികജാതി ആവാസകേന്ദ്രങ്ങളുടെ |

| | | | |
|---|---|---|---|
| | | | നവീകരണം |
| 2 | സാമൂഹ്യനീതി | ഗുരുതരം | കിടപ്പുരോഗികളായയ ഭിന്നശേഷി കുട്ടികളുടെ വിദ്യാഭ്യാസം |
| 3 | വനിത വികസനം | അതീവ ഗുരുതരം<br>ഗുരുതരം | സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമം<br>കൗമാര കുട്ടികളുടെ വിളർച്ച |
| 4 | പട്ടികജാതി വികസനം/പട്ടികവർഗ്ഗ വികസനം | അതീവ ഗുരുതരം | വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോകൽ, രൂക്ഷമായ കുടിവെള്ളക്ഷാമം |
| 5 | കുടിവെള്ളം, ശുചിത്വം | അതീവ ഗുരുതരം | പൊതു ടോയ്ലറ്റുകളുടെ അഭാവം |
| 6 | വിദ്യാഭ്യാസം, കല, യുവജനക്ഷേമം | അതീവ ഗുരുതരം | സ്കൂളുകളിലെ ടോയ്ലറ്റ് സൗകര്യം |

<u>വായ്പ</u>

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ ചർച്ച ചെയ്ത് വ്യക്ത വരുത്തിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

<u>തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം</u>

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയുമായി സംയോജിച്ച് തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

<u>കുടുംബശ്രീ</u>

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

<u>നൂതന പ്രോജക്കുകൾ</u>

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിൽ നൂതന പ്രോജക്കുകൾ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

<u>CSR ഫണ്ട്</u>

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമാകുന്നതിന് എടുത്ത നടപടികൾ വിശദീകരിച്ചിട്ടില്ല.

മേൽ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.20/27.10.23ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനുതകും വിധം ആവശ്യകതകൾ നിർണ്ണയിച്ച് പദ്ധതികൾ ആവിഷ്കരിച്ച് മാർഗ്ഗരേഖയും മറ്റ് സർക്കാർ ഉത്തരവുകളും പാലിച്ച് നിർവഹണം നടത്തി പദ്ധതി പണം പാഴാക്കാതെ പദ്ധതി നടത്തിപ്പ് പൂർത്തിയാക്കേണ്ടത് അനിവാര്യമാണ്. ഭരണസമിതിയും നിർവഹണ ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ക്ഷേമപദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 3182000 | 286 |
| വിധവ പെൻഷൻ | 22203800 | 2123 |
| വാർദ്ധക്യകാല പെൻഷൻ | 46695400 | 4595 |
| വികലാംഗ പെൻഷൻ | 5432400 | 515 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 368000 | 34 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 150000 | 5 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31-10-2023 തീയതിയിൽ 2.48 പി.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5533/-(അയ്യായിരത്തി അഞ്ഞൂറ്റി മുപ്പത്തി മൂന്ന് മാത്രം)രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

1) ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ സ്റ്റാഫ് മീറ്റിംഗുകൾ നടത്തുന്നുണ്ട്. താഴെ പറയുന്ന വിഷയങ്ങൾ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

2) 2004ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ട പ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2021 ൽ പ്രസിദ്ധീകരിച്ച പൗരാവകാശരേഖയുടെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

3) വാർഷിക കണക്കുകൾ, ബജറ്റ് എന്നിവ അപാകത കൂടാതെ തയ്യാറാക്കേണ്ടതാണ്.

എ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

ബി) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം.

സി) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പു വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.
4) ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല.
5) തനതു വരുമാന ശേഖരണം കുടിശ്ശികരഹിതമായി സമയബന്ധിതമായി നടത്തുന്നതിന് ജോലി വിഭജനത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.
ടി അപാകങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-9 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് [I-14 (F)] | നീക്കിയിരിപ്പ് (RP-40 (B) പ്രകാരം) |
|---|---|---|---|---|---|
| ഭരണചെലവുകൾ * | 0 | ** 658141 | 658141 | 1343879 | 88282 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 56875150 | 56875150 | 56875150 | 0 |

* ചെലവ്, നീക്കിയിരിപ്പ് തുകകൾ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല. അപാകത വിശദമായി ഖ.1-1-23 ൽ പരാമർശിച്ചിട്ടുണ്ട്.
** 160100799, 160100611, 140120199 എന്നീ ശീർഷകങ്ങളിലെ രേഖപ്പെടുത്തലുകൾ പ്രകാരം ആകെ വരവ് തുക.
തൊഴിലുറപ്പ് പദ്ധതിയുടെ പരിശോധനയിൽ കണ്ടെത്തിയ മറ്റ് അപാകതകൾ ഉപഖണ്ഡികകളായി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-9-1 തൊഴിലുറപ്പ് പദ്ധതി - പൊതുവായ അപാകതകൾ

2022-2023 സാമ്പത്തിക വർഷത്തിൽ നടത്തിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 17.07.2017 തീയതിയിലെ F.No.J1107/06/2016 നം. കേന്ദ്രഗ്രാമീണ മന്ത്രാലയത്തിന്റെ തൊഴിലുറപ്പിനായി തയ്യാറാക്കിയ ആനുവൽ മാസ്റ്റർ സർക്കുലറിലെ (എ.എം.സി) നിർദ്ദേശങ്ങൾ പലതും പാലിച്ചിട്ടില്ല. ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഫയലിൽ പ്രധാനമായും നിഷ്കർഷിക്കുന്ന 22 രേഖകളിൽ ചുവടെ ചേർത്തിരിക്കുന്നവ പദ്ധതികളുടെ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

A) ഫോട്ടോ ഗ്രാഫ്സ് : മൂന്ന് ഘട്ടത്തിലെയും ഫോട്ടോസ് സൂക്ഷിച്ചിട്ടില്ല.
B) ജിയോ ടാഗ്ഡ് ഫോട്ടോസ്: 7.12.5(17) ജിയോ ടാഗ്ഡ് ഫോട്ടോസ് /സാറ്റ് ലൈറ്റ് ഫോട്ടോസ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ടി സ്ഥലങ്ങൾ ടാഗ് ചെയ്തിട്ടില്ല.

C) മൂല്യനിർണയ സാക്ഷ്യപത്രം, സൈറ്റ് ഡയറി എന്നിവ പല ഫയലുകളിലും ഉൾപ്പെടുത്തിയിട്ടില്ല.

2) മസ്റ്റർ റോളിൽ ഞായറാഴ്ച മാർക്ക് ചെയ്യിരിക്കണം. എന്നാൽ മസ്റ്റർ റോളിൽ ഞായറാഴ്ച മാർക്ക് ചെയ്തതായി കാണുന്നില്ല. ഈ ദിവസങ്ങളിൽ പ്രവർത്തിനടന്നതായി കാണുന്നു. ഉദാഹരണം-പൂലന്തറ നെടുങ്കോട്ടുകോണം റോഡ് കോൺക്രീറ്റിംഗ്.

3) മസ്റ്റർ റോളിൽ അറ്റൻഡൻസ് മാർക്ക് ചെയ്തിട്ടില്ല.

മസ്റ്റർ റോളിൽ തൊഴിലാളികളുടെ പേര് വിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അറ്റൻഡൻസ് മാർക്ക് ചെയ്തിട്ടില്ല.

ഉദാ- കടുംബൂര് ചെഞ്ചേരി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിയുടെ ഭാഗമായി വിദഗ്ധ തൊഴിലാളികൾക്ക് ആകെ 63 ദിവസത്തെ വേതനം നൽകിയിട്ടുണ്ട്. എന്നാൽ മസ്റ്റർ റോളിൽ ഒരു ദിവസത്തെ അറ്റൻഡൻസ് പോലും മാർക്ക് ചെയ്തിട്ടില്ല.

4) ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതിന്റെയോ, അവരുടെ യോഗ്യത സംബന്ധിച്ച വി.ഇ.ഒയുടെ സാക്ഷ്യപത്രമോ, ഫയലുകളിൽ ഉൾപ്പെടുത്തുന്നില്ല.

5) 06.01.2022 ൽ കേന്ദ്ര സർക്കാരിന്റെ Ministry Of Rural Development Department പുറപ്പെടുവിച്ച Annual Master Circular പ്രകാരം വ്യക്തിഗത ഗുണഭോക്താക്കളുടെ പ്രവൃത്തികൾക്കുള്ള മെറ്റീരിയലുകൾ വാങ്ങുന്നതിനും വിനിയോഗിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2022-23 വർഷം വ്യക്തിഗത ഗുണഭോക്താക്കൾക്കായി സോക്ക്പിറ്റ് നിർമ്മാണം, കംപോസ്റ്റ് പിറ്റ് നിർമ്മാണം, കക്കൂസ് നിർമ്മാണം, പശുത്തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം, കിണർ നിർമ്മാണം, അസോള ടാങ്ക് നിർമ്മാണം എന്നീ മേഖലകളിൽ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. പ്രവൃത്തികൾക്കാവശ്യമായ വസ്തുക്കൾ ഗുണഭോക്താക്കൾ തന്നെ നേരിട്ട് വാങ്ങേണ്ടതും ലഭ്യമായ സാധനങ്ങൾ, ഉപയോഗിച്ചവ, ബാക്കിയുള്ളവ എന്നിവയുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്ന് മാസ്റ്റർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആയത് പാലിച്ചിട്ടില്ല.

6) മെറ്റീരിയൽ സ്റ്റോക്ക് രജിസ്റ്ററിൽ കരാറുകാരൻ സാധനങ്ങൾ സപ്ലൈ ചെയ്ത തീയതി, നൽകിയ തുകയുടെ വിവരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

7) സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് ഓരോ പ്രവൃത്തിക്കും പ്രത്യേകം ടെണ്ടർ ക്ഷണിക്കുന്നു.

സ്റ്റോർ പർച്ചേയ്സ് മാനുവൽ ഖണ്ഡിക 7.33 (iii) പ്രകാരം ആവശ്യമുള്ള ഒരേയിനം സാധനങ്ങളുടെ അളവുകൾ കൂട്ടിച്ചേർത്ത് ഒറ്റ ടെണ്ടർ ക്ഷണിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായി പല പ്രവൃത്തികൾക്കും ആവശ്യമുള്ള സാധനങ്ങൾ എല്ലാം ഒന്ന് തന്നെ ആണെങ്കിലും ഓരോ പ്രവൃത്തിക്കും പ്രത്യേകം പ്രത്യേകം ടെണ്ടർ ക്ഷണിക്കുന്നു.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടി പ്രകാരം ഇനിയുള്ള പ്രവൃത്തികളുടെ നിർവ്വഹണത്തിൽ ക്രമ നം. 4 വരെയുള്ള അപാകതകൾ വരാതെ ശ്രദ്ധിക്കുന്നതാണെന്നും പൊതുപ്രവൃത്തികൾക്കുള്ള മെറ്റീരിയൽസിന്റെ വിവരങ്ങൾ മാത്രമാണ് നിലവിൽ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതെന്നും അറിയിച്ചിട്ടുണ്ട്. ക്രമ നം.6 പ്രകാരമുള്ള വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെന്നും ഇനിമുതൽ മെറ്റീരിയൽ പർച്ചേസിന് ഒറ്റ ടെണ്ടർ ക്ഷണിക്കുന്നതായിരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ പ്രവൃത്തികൾക്കായി മെറ്റീരിയൽസ് ഇഷ്യൂ ചെയ്യുന്ന വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പർച്ചേസ് സംബന്ധിച്ച വിവരങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതും പദ്ധതി നിർവ്വഹണത്തിൽ Annual Master Circular ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

8) ഹാജരാക്കിയ അസറ്റ് രജിസ്റ്റർ പൂർണമല്ല. രജിസ്റ്ററിൽ ആസ്തി ആർജ്ജിത പ്രവൃത്തികളുടെ എല്ലാ വിവരങ്ങളും പൂർണമായി രേഖപ്പെടുത്തുന്നില്ല.

9) ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായ കരാറുകാരുടെ കയ്യൊപ്പ് എന്ന കോളത്തിൽ രേഖപ്പെടുത്തലുകൾ ഇല്ല.

10) ദേശീയ ഗ്രാമ വികസന മന്ത്രാലയത്തിന്റെ 7.4.2017 ലെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ നിർദ്ദേശങ്ങൾ പ്രകാരം 2017-18 മുതലുള്ള എല്ലാ പ്രവൃത്തികളിലും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ നിർബന്ധമാക്കിയിട്ടുണ്ട്. ഗ്രാമ വികസന മന്ത്രാലയം പുറത്തിറക്കിയ ആന്വൽ മാന്വൽ സർക്കുലറുകളിലും ഇത് സംബന്ധിച്ച നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ എസ്റ്റിമേറ്റിൽ ടി ഇനത്തിന് തുക വകയിരുത്തുന്നുണ്ടെങ്കിലും എല്ലാ പ്രവൃത്തികളിലും ബോർഡ് സ്ഥാപിക്കുന്നതിന് തുക ചെലവഴിച്ചിട്ടുള്ളതായി കാണുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 30/30.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

## 1-9-2 തൊഴിലുറപ്പ് പദ്ധതി - ചെലവ് ബില്ലുകൾ ഉൾപ്പെടുത്തിയിട്ടില്ല

പ്രവൃത്തിയുടെ പേര്- കോഴിക്കുട് നിർമ്മാണം - 13/114 ഓമനകുമാരി, രജിത ഭവൻ

ആകെ ചെലവ് തുക -77991 (മെറ്റീരിയൽ തുക – 60141 രൂപ,
വിദഗ്ധ തൊഴിലാളി വേതനം - 13496 രൂപ,
അവിദഗ്ധ തൊഴിലാളി വേതനം - 4354 രൂപ)

മേൽ പ്രവൃത്തിയുടെ ഭാഗമായി മെറ്റീരിയൽ വാങ്ങിയതിന് ഗുണഭോക്താവിന് 60141 രൂപ അനുവദിച്ചിട്ടുണ്ട് (എം.ബുക്ക് പേജ് നം.23). എന്നാൽ ഫയലിനോടൊപ്പം ഉൾപ്പെടുത്തിയിട്ടുള്ള അൻവർ ട്രേഡേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നുള്ള പർച്ചേസ് ബിൽ (ഇൻവോയിസ് നം. 112/തീയതി രേഖപ്പെടുത്തിയിട്ടില്ല) പ്രകാരം ആകെ തുക 58583 രൂപയാണ്. ഇപ്രകാരം ബില്ലിൽ നിന്നും അധികരിച്ച് 1558 രൂപ അനുവദിച്ചതിനുള്ള കാരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.53/02.11.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം മേൽ പ്രവൃത്തിയ്ക്കാവശ്യമായ ഇലക്ട്രിക് പ്ലാന്റിന്റെ വാടകയിനത്തിൽ 3658 രൂപ അനുവദിച്ചിട്ടുണ്ടെന്നും മെറ്റീരിയൽസിന്റെ ബില്ലിൽ ടി തുക ഉൾപ്പെട്ടിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ മേൽ ചെലവിനെ സാധൂകരിക്കുന്ന സബ് വൗച്ചറുകളൊന്നും തന്നെ പ്രവൃത്തി ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ എം.ബുക്കിലും ഇത് സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല. ആയതിനാൽ അധികമായി നൽകിയ 1558 രൂപയുടെ ബിൽ ലഭ്യമാക്കേണ്ടതും ഭാവിയിൽ എല്ലാ പ്രവൃത്തി ഫയലുകളിലും ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | നിലവിൽ പെർഫോമൻസ് ഓഡിറ്റ് സംവിധാനം നിർത്തലാക്കി | 01.01.2022 മുതൽ 31.07.2022 വരെ | 29.03.2022 |
| അക്കൗണ്ട്സ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമാക്കിയില്ല | 2011-12 മുതൽ 2015-16 വരെ | 15.03.2017 |

## 1-11 കരാറിൽ ഏർപ്പെടാതെ പഞ്ചായത്ത് കെട്ടിടം വാടകയ്ക്ക് നൽകി - വാടക ലഭിക്കുന്നില്ല

07.06.22 ലെ 14/18 നം. ഭരണസമിതി തീരുമാന പ്രകാരം മാണിക്കൽ ഗ്രാമപഞ്ചായത്തിലെ പിരപ്പൻകോട് ഷോപ്പിംഗ് കോംപ്ലക്സിൽ താഴത്തെ നിലയിൽ പഴയ പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്തിരുന്ന കെട്ടിടത്തിന്റെ കോണിൽ ATM കൗണ്ടർ സ്ഥാപിക്കാൻ ഇന്ത്യ വൺ പേമെൻറ് ലിമിറ്റഡിന് ചുവടെ പറയുന്ന വ്യവസ്ഥ പ്രകാരം അനുമതി നൽകിയിരുന്നു.

ATM സ്ഥാപിക്കുന്നതിന് 5 വർഷത്തേയ്ക്കാണ് പഞ്ചായത്തുമായി ഇന്ത്യ വൺ പേമെൻറ് കമ്പനി എഗ്രിമെൻറിൽ ഏർപ്പെടുന്നത്. ടി എഗ്രിമെൻറ് പ്രകാരം ഓരോ വർഷവും 5% നിരക്കിൽ വാടക വർദ്ധിപ്പിക്കുകയും ആയത് പ്രകാരമുള്ള പ്രതിമാസ വാടക എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുമ്പായി പഞ്ചായത്തിൽ അടയ്ക്കേണ്ടതാണ്. കൂടാതെ 3 മാസത്തെ വാടക മുൻകൂർ ഡെപ്പോസിറ്റ് ആയി പഞ്ചായത്തിൽ കെട്ടിവയ്ക്കേണ്ടതുമാണ് എന്നതായിരുന്നു വ്യവസ്ഥ.

15.12.22 ലെ 12/1 നം.തീരുമാനപ്രകാരം പ്രസ്തുത ATM കൗണ്ടറിന്റെ വാടക നിശ്ചയിക്കുന്നതിനായി LSGD AE സമർപ്പിച്ച റിപ്പോർട്ട് പ്രകാരം പ്രതിമാസം 3000/- രൂപ നിരക്കിൽ വാടക ഈടാക്കുന്നതിന് കമ്മിറ്റി അംഗീകരിച്ച് തീരുമാനിച്ചു. 3 മാസത്തെ വാടകയായ 9000 രൂപ സ്ഥാപനം മുൻകൂർ ഡെപ്പോസിറ്റ് ആയി പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ അതിനുശേഷം വാടകയിനത്തിൽ തുകയൊന്നും തന്നെ ഒടുക്കിയിട്ടില്ല. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 06.06.23 ൽ A6/2545/23 നം. കത്ത് പ്രകാരം വാടക ഒടുക്കാത്തത് സംബന്ധിച്ച് സ്ഥാപനത്തിന് അറിയിപ്പ് നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ നാളിതുവരെ കുടിശ്ശിക ഒടുക്കിയിട്ടില്ല. കൂടാതെ പഞ്ചായത്ത് സ്ഥാപനവുമായി ഏർപ്പെട്ടിട്ടുള്ള വാടക കരാർ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽപ്പറഞ്ഞ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് സ്ഥാപനവുമായി ഏർപ്പെട്ടിട്ടുള്ള നിയമാനുസൃത കരാർ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.33/31.10.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം അറിയിപ്പ് നൽകിയിരുന്നുവെങ്കിലും നാളിതുവരെ സ്ഥാപനം കരാർ വെച്ചിട്ടില്ലെന്നും വാടക കുടിശ്ശിക ഒടുക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കരാറിൽ ഏർപ്പെടാതെ പഞ്ചായത്ത് കെട്ടിടം സ്വകാര്യ സ്ഥാപനത്തിന് വാടകയ്ക്ക് കൊടുത്തതിന് വിശദീകരണം നൽകേണ്ടതും എത്രയും വേഗം കുടിശ്ശിക ഈടാക്കി സ്ഥാപനവുമായി നിയമാനുസൃത കരാറിൽ ഏർപ്പെടേണ്ടതുമാണ്. കരാറിൽ ഏർപ്പെടുന്നതിന് സ്ഥാപനം തയ്യാറാകുന്നില്ലെങ്കിൽ നിയമപരമായി കെട്ടിടം ഒഴിപ്പിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-12 പഞ്ചായത്തിന് ലഭിക്കേണ്ട തുകകൾ - തുടർനടപടി സ്വീകരിക്കേണ്ടതാണ്

ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ ഏജൻസികൾ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവിടങ്ങളിൽ നിന്നും പഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഭരണസമിതി തീരുമാനം നം./തീയതി | വിഷയം | ഓഡിറ്റ് നിർദ്ദേശം |
|---|---|---|---|
| 1 | 5(13)/9.05.22 | ജലജീവൻ മിഷന്റെ നേതൃത്വത്തിൽ മാണിക്കൽ പഞ്ചായത്തിൽ സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതിനാൽ പഞ്ചായത്തിൽ നിന്നും വിവിധ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ഇനത്തിൽ ഒടുക്കിയ തുക ചെലവഴിക്കേണ്ടതില്ലാത്തതിനാൽ ടി ഡെപ്പോസിറ്റ് തുക തിരികെ ലഭ്യമാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകുന്നതിന് തീരുമാനിച്ചു. | 2022-23 വർഷം കേരള വാട്ടർ അതോറിറ്റിയിൽ നിന്നും തുകയൊന്നും തന്നെ തിരികെ ലഭിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. ബാലൻസ് ഷീറ്റ് പ്രകാരം വാട്ടർ അതോറിറ്റിയിൽ നിലനിൽക്കുന്ന ആകെ 9291450 രൂപയിൽ നാളിതുവരെ ചെലവഴിക്കാത്ത തുകകൾ തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. |
| 2 | 14(1)/26.08.22 | 2018-19 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പഞ്ചായത്ത് ഓഫീസിൽ ജനറേറ്റർ സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം 15 KVA ഡീസൽ ജനറേറ്റർ സ്ഥാപിക്കുന്നതിന് ഭെൽ ഇലക്ട്രിക്കൽസ് മെഷീൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുകയും 260000/- രൂപ 29/06/2019 ന് മുൻകൂർ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. പഞ്ചായത്തിന് യഥാസമയം ജനറേറ്റർ കൈമാറാത്തതിനാലും പ്രസ്തുത ആവശ്യം മറ്റൊരു പ്രോജക്ട് മുഖേന കൈവരിച്ച സാഹചര്യത്തിലും കരാർ ലംഘനം നടത്തിയ സ്ഥാപനത്തിൽ നിന്നും റവന്യൂ റിക്കവറി ആക്ട് മുഖേന പഞ്ചായത്ത് അഡ്വാൻസായി ഒടുക്കിയിരുന്ന 260000/- രൂപ നിയമാനുസരണം പലിശ സഹിതം തിരികെ ഈടാക്കുന്നതിന് തീരുമാനിച്ചു. | മറുപടി ലഭ്യമാക്കിയിട്ടില്ല. തുകകൾ തിരികെ ലഭ്യമാക്കുന്നതിന് റവന്യൂ റിക്കവറി അടക്കമുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുക ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. |
| 3 | 15(1)/26.08.22 | 2010 ൽ നടപ്പിലാക്കുന്നതിന് നിശ്ചയിച്ച കന്യാകുളങ്ങര മാർക്കറ്റിൽ ഒരു ഖര മാലിന്യ സംസ്കരണ പ്ലാൻറ് 720000/- രൂപയ്ക്ക് നിർമ്മിക്കുന്നതിന് കാസർഗോഡ് സോഷ്യൽ സർവ്വീസ് സൊസൈറ്റി എന്ന സ്ഥാപനവുമായി 29/01/2010ൽ കരാറിൽ ഏർപ്പെടുകയും 22/10/2010 തീയതിയിലെ 003649 നമ്പർ ചെക്ക് പ്രകാരം 180000/- രൂപ അഡ്വാൻസ് നൽകുകയും ചെയ്തിരുന്നു. കരാർ പ്രകാരം പണികൾ പൂർത്തിയാക്കാത്തതിനാൽ അഡ്വാൻസായി നൽകിയ 180000/- രൂപയും അതിന്റെ 18% പലിശയും ചേർത്ത് തിരികെ ലഭിക്കുന്നതിലേക്കായി നെടുമങ്ങാട് സബ് കോടതിയിൽ SO16/2013 നമ്പരായി ഒരു അന്യായം ഫയൽ ചെയ്തിരുന്നതിൽ ആകെ 18541.34 രൂപയുടെ മാത്രം നിർമ്മിതികൾ നടത്തി കാണുന്നതിനാൽ പഞ്ചായത്ത് മുൻകൂറായി നൽകിയിരുന്ന 180000/- രൂപയിൽ 18541.84 രൂപ കുറവ് വരുത്തി 161458.16 രൂപയും ആയതിന്റെ 6% തുക പലിശയും കണക്കാക്കി ടി സ്ഥാപനം പഞ്ചായത്തിന് തിരികെ നൽകേണ്ടതാണെന്ന് കോടതി വിധി ആയിട്ടുള്ളതാണ്. സ്ഥാപനം സ്ഥിതി ചെയ്യുന്നത് കാസർഗോഡ് ജില്ലയിൽ ആകയാൽ പ്രസ്തുത കോടതി ഉത്തരവ് നടത്തി കിട്ടുന്നതിന് ടി | മറുപടി ലഭ്യമാക്കിയിട്ടില്ല. തുക തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. ഇല്ലായെങ്കിൽ ടി വിഷയത്തിന്മേൽ സ്വീകരിച്ച തുടർനടപടി/നിലവിലെ സ്ഥിതി വിവരം അറിയിക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| | | പ്രദേശം സ്ഥിതി ചെയ്യുന്ന പരിധിയിലെ കോടതി മുഖേന തുടർനടപടി കൈക്കൊള്ളുന്നതിന് അഡ്വക്കേറ്റിനെ നിയോഗിക്കുന്നതിന് തീരുമാനിച്ചു. | |
| 4 | 24(15)/26.08.22 | 2019-20 സാമ്പത്തിക വർഷം രണ്ടാം ഘട്ട ലൈഫ് ഗുണഭോക്താവായ തങ്കമ്മ, കരിക്കകത്തിൽ വീട്, 2019 ആഗസ്റ്റ് മാസം വീട് നിർമ്മാണത്തിനുള്ള അഡ്വാൻസ് തുകയായ 40000 രൂപ കൈപ്പറ്റുകയും വീട് പണി ബെയ്സ്മെൻറ് ലെവലിൽ എത്തിക്കുകയും ചെയ്ത ശേഷം മരണപ്പെടുകയുണ്ടായി. ആയതിനാൽ തങ്കമ്മയുടെ പേരിലുള്ള ആനുകൂല്യം അവകാശിയായ മകൻ ഷിബു, കരിക്കകത്തിൽ വീട്, തലയൽ എന്നയാൾക്ക് കമ്മിറ്റി തീരുമാനം മുഖേന നൽകുകയുണ്ടായി. വീട് നിർമ്മാണത്തിനുള്ള രണ്ടാം ഗഡുവായ 160000 രൂപ ഇയാൾ കൈപ്പറ്റുകയും നാളിത് വരെ വീടിന്റെ പണികൾ ചെയ്യാതെ ഈ പണം വകമാറ്റി ചെലവഴിക്കുകയും നിരവധി തവണ നോട്ടീസ് നൽകിയിട്ടും ടിയാൻ വീട് പണി തുടരുകയോ ഒന്നും ചെയ്തിട്ടില്ല. ആയതിനാൽ ടിയാനെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചു. | മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വ്യക്തികളിൽ നിന്നും റവന്യൂ റിക്കവറിയിലൂടെ തുക ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതും ഇല്ലായെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കേണ്ടതുമാണ്. |
| 5 | 22(1)/28.10.22 | 2012-22 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ ഭവനപുനരുദ്ധാരണം (പട്ടികജാതി) പദ്ധതിയുടെ ഗുണഭോക്താവായ ശ്രീമതി. നാരായണി. സി, പോങ്ങുവിളയിൽ വീട് എന്നയാൾ മുൻകൂർ തുകയായി 75000 രൂപ കൈപ്പറ്റുകയും സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിനാൽ റവന്യൂറിക്കവറി നടപടികൾ ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ നടപടികൾ പുരോഗമിക്കുന്നതിനിടയിൽ ടിയാൾ പ്രവൃത്തികൾ പൂർത്തീകരിച്ചതായി കാണിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചു. ഇതുപ്രകാരം ലഭ്യമായ എ.ഇ യുടെ വാല്യുവേഷൻ പ്രകാരം ആകെ 38284.87 രൂപയുടെ പണികൾ മാത്രമേ ടിയാൾ പൂർത്തിയാക്കിയിട്ടുണ്ടായിരുന്നുള്ളൂവെന്നും ബാക്കി തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും വി.ഇ.ഒ അറിയിച്ചിട്ടുണ്ട്. ആയതിനാൽ മുൻകൂറായി നൽകിയ 75000 രൂപയിൽ ആകെ ചെലവഴിച്ച 38284.87 രൂപ കഴിച്ച് ബാക്കിയുള്ള 36715.13 രൂപ തിരിച്ചടക്കുന്നതിനുള്ള അറിയിപ്പുകൾ രേഖാമൂലം ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകേണ്ടതും തുക തിരികെ അടയ്ക്കാതിരിക്കുകയാണെങ്കിൽ മാത്രം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. | മറുപടി ലഭ്യമാക്കിയിട്ടില്ല. 36715.122 രൂപ തിരികെ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കേണ്ടതും റവന്യൂ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതുമാണ്. |

മേൽപ്പറഞ്ഞ വിശദാംശങ്ങൾ ആവശ്യപ്പെട്ടുക്കൊണ്ട് ഓഡിറ്റ് അന്വേഷണം നം.32/31.10.23 നൽകിയെങ്കിലും ക്രമ നം. 1 നുള്ള മറുപടി മാത്രമാണ് ലഭ്യമാക്കിയത്. പഞ്ചായത്തിന് ലഭിക്കേണ്ട വരവ് തുകകൾ എത്രയും വേഗം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 ക്യാൻസൽഡ് ചെക്കുകൾ - പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

2022-23 വർഷത്തെ ബിൽ രജിസ്റ്റർ പ്രകാരം ക്യാൻസൽഡായി രേഖപ്പെടുത്തിയിട്ടുള്ള ചുവടെ പറയുന്ന ചെക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ചെക്ക് നം./തീയതി | തുക |
|---|---|---|
| 1 | 125182/18.04.22 | 2481 |
| 2 | 132063/14.10.22 | 600 |
| 3 | 5894412/1.12.22 | 315336 |

ക്യാൻസൽഡ് ചെക്കുകൾ സമർപ്പിക്കുന്നുവെന്ന് ഓഡിറ്റ് അന്വേഷണം നം.65/02.11.23 ന് മറുപടി

ലഭ്യമാക്കിയെങ്കിലും മേൽ ക്യാൻസൽഡ് ചെക്കുകൾ പരിശോധനയ്ക്ക് നൽകിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-14 ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല

ചുവടെ പറയുന്ന ഭരണസമിതി തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുള്ളതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

| ക്രമ നം. | ഭരണസമിതി തീരുമാനം നം./തീയതി | വിഷയം |
|---|---|---|
| 1 | 12(3)/16.02.22 | പ്രോജക്ട് കമ്മീഷണർ, ജലനിധിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ മാണിക്കൽ ഗ്രാമപഞ്ചായത്തിൽ പ്രളയത്തിൽ നാശനഷ്ടമുണ്ടായ വൈഗ ജലനിധി പദ്ധതിയുടെ പുനരുദ്ധാരണത്തിനായി നാഷണലൈസ്ഡ് ബാങ്കിൽ പ്രസിഡൻറിന്റെയും സെക്രട്ടറിയുടെയും പേരിൽ Sustainability Account (Joint Account) തുടങ്ങുന്നത് സംബന്ധിച്ച പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യുകയും ആയതിൽ വ്യക്തമായ അന്വേഷണം നടത്തിയതിനുശേഷം തുടർനടപടി സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. |
| 2 | 14(1)/30.11.22 | മാണിക്കൽ ഗ്രാമപഞ്ചായത്ത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ REAT/SNA മുഖേന പലിശ രഹിത അക്കൌണ്ട് SBIയിൽ ആരംഭിക്കുന്നതിന് 03/11/2022 തീയതി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ സമർപ്പിച്ച കത്ത് പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യുകയും SBI വെമ്പായം ബ്രാഞ്ചിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് അംഗീകരിച്ച് തീരുമാനിച്ചു. |

മേൽ തീരുമാനപ്രകാരം ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 28/30.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിവരങ്ങൾ ലഭ്യമാക്കേണ്ടതും അക്കൗണ്ട് ആരംഭിച്ചിട്ടില്ലായെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കേണ്ടതുമാണ്.

## 1-15 ദുരിതാശ്വാസനിധി - കണക്കുകളിലെ വ്യത്യാസം പരിഹരിക്കേണ്ടതാണ്

ഭരണസമിതിയുടെ 30.11.22 ലെ 27/2 തീരുമാനപ്രകാരം കിണറ്റുമുക്ക് ജയാഭവനിൽ ജയചന്ദ്രൻ എന്നയാൾക്ക് 2000/- രൂപയും, 27/3 തീരുമാനപ്രകാരം തടത്തരികത്ത് വീട്ടിലെ രാജൻ. എം എന്നയാൾക്ക് 2000 രൂപയും ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു. എന്നാൽ ബന്ധപ്പെട്ട Union Bank Of India (അക്കൗണ്ട് നം.444702010008162) ന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ മേൽ വ്യക്തികൾക്ക് 2022-23 ൽ ധനസഹായം അനുവദിച്ചിട്ടില്ല എന്നു കാണുന്നു. ബന്ധപ്പെട്ട ഹെഡ് നം. 311100101 - Panchayat's Distress Relief Fund ന്റെ ലെഡ്ജർ പരിശോധിച്ചതിൽ 20000 രൂപ ധനസഹായ ഇനത്തിൽ ആകെ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് 16000 രൂപ മാത്രമാണ്.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 57/02.11.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം മേൽ വ്യക്തികൾക്ക് യഥാക്രമം വൗച്ചർ നം. 42200815/18.11.22, 42200838/25.11.22 എന്നിവ പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും ചെക്ക് കൈപ്പറ്റി തുക മാറാത്തത് കാരണമാകാം തുകയിലെ വ്യത്യാസം വന്നിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. ഭരണസമിതി തീരുമാനം 30.11.2022 ലേതും വൗച്ചറുകൾ യഥാക്രമം 18.11.2022, 25.11.2022 തീയതികളിലുമാണ് എന്നതും മേൽ അക്കൗണ്ടിന്റെ 31.03.23 ലെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Issued But Not Presented Into Bank ഇനത്തിൽ 2000/- രൂപ (ചെക്ക് നം. 095424/18.11.22) മാത്രമാണ് അവശേഷിക്കുന്നത് എന്നതും വിശദീകരിക്കേണ്ടതാണ്. വിഷയം പരിശോധിക്കേണ്ടതും ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-16 ദുരന്തനിവാരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 04.12.2019 ലെ സ.ഉ(കൈ)156/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. കൂടാതെ, ദുരന്ത നിവാരണ പദ്ധതിരേഖ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ഏകീകൃത ടെമ്പ്ലേറ്റ് അംഗീകരിച്ച് 14.01.2020 ലെ സ.ഉ(കൈ)14/2020 ത.സ്വ.ഭ.വ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ദുരന്തനിവാരണ പദ്ധതി തയ്യാറാക്കേണ്ടതും പ്രസ്തുത പദ്ധതിയിൽ ദുരന്ത പ്രതിരോധത്തിനുള്ള തയ്യാറെടുപ്പുകൾ, ലഘൂകരണ പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്. മേൽ സർക്കാർ ഉത്തരവുകൾ പ്രകാരം താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ പഞ്ചായത്തിൽ

നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1) അടിയന്തിര പ്രതികരണ ടീമിന്റെ (Emergency Response Team) രൂപീരണം

2) ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം എന്നീ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ

3) ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് (LRG) രൂപീകരണവും പ്രവർത്തനവും

4) ദുരന്തനിവാരണ പദ്ധതി രൂപീകരണം, അംഗീകാരം, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തൽ തുടങ്ങിയവ

5) ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കിലയുടെ ആഭിമുഖ്യത്തിൽ പരിശീലന പരിപാടി

ഇത്തരം പരിപാടികൾ 2022-23 വർഷം നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.52/02.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ദുരന്ത നിവാരണ പ്രവർത്തനങ്ങൾ സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും ദുരന്ത നിവാരണ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-17 വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

സ.ഉ.(കൈ) നം. 115/2022/ തസ്വഭവ തീ. 18.05.2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ.7.8.8 പ്രകാരം കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കാനും ദുരന്ത സാധ്യതയും അതിന്റെ കാഠിന്യവും മനസ്സിലാക്കാനും താപനില, മഴയുടെ അളവ്, കാറ്റിന്റെ ഗതി തുടങ്ങിയവയുടെ വിവര ശേഖരണവും അതിന്റെ അപഗ്രഥനവും നടത്തുന്നതിനായി ഓരോ പ്രദേശത്തിന്റെയും ദിനാന്തരീക്ഷ സ്ഥിതി മനസ്സിലാക്കുന്നതിനുള്ള വെതർസ്റ്റേഷൻ ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഒരെണ്ണമെങ്കിലും സ്ഥാപിക്കണം എന്ന് നിർദേശിച്ചിട്ടുണ്ട്. അതിനായി ഇപ്പോൾ ദുരന്ത നിവാരണ അതോറിറ്റി നിർദേശിക്കുന്ന 10x12 മീറ്റർ ചുറ്റളവുള്ള സ്ഥലം ലഭ്യമാക്കിയാൽ വെതർസ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാങ്കേതികവിദ്യയും ഫണ്ടും റീ ബിൽഡ് കേരളം ഇനിഷ്യേറ്റീവ് മുഖാന്തിരം ലഭ്യമാക്കുന്നതാണ്. പ്രസ്തുത മാർഗ്ഗരേഖ നിർദ്ദേശം നടപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 4/25.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അനുയോജ്യമായ സ്ഥലം കണ്ടെത്തി ഭൂമിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി ദുരന്ത നിവാരണ ഏജൻസിയെ അറിയിച്ച് സർക്കാർ നിർദ്ദേശ പ്രകാരമുള്ള വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 ആസ്തി സംരക്ഷണം

ആസ്തി സംരക്ഷണവുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ഉപഖണ്ഡികകളായി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-18-1 ആസ്തി സംരക്ഷണം - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

1. ഗ്രാമപഞ്ചായത്തുകളുടെ ആസ്തികളുടെ കാര്യക്ഷമമായ സംരക്ഷണത്തിനും അവ സുതാര്യമായി കയ്യൊഴിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ വിവരിക്കുന്ന അസറ്റ് മാനേജ്മെന്റ് മാനുവൽ, സ.ഉ.(ആർടി) നം.166/17/തസ്വഭവ തീയതി 20.01.2017പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അതിൻ പ്രകാരം ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) രൂപീകരിച്ച് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ 08.11.2018 ലെ പഞ്ചായത്ത് ഡയറക്ടറുടെ സി 2-15471/18 സർക്കുലറിലെ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ കൺവീനറും, പ്രസിഡന്റ് /വികസന സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷനുമായി ഒരു ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ അത്തരം കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2. ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി ഐ.കെ.എം വികസിപ്പിച്ച സചിത്ര സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്ന് സർക്കുലർ നം. തസ്വഭവ-ഐ.ബി-1/141/2017/തസ്വഭവ തിയതി 23.08.2017 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. വിവരങ്ങൾ സചിത്ര സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ ആസ്തി രജിസ്റ്ററിലെ രേഖപ്പെടുത്തൽ കാലികമല്ല.

3. സ.ഉ(കൈ)നം.84/2022/തസ്വഭവ തിയതി 19.04.22 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.8 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. 2022-23 വർഷം ആസ്തികൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശവും പ്രത്യേകമായി തയ്യാറാക്കിയ ആസ്തി സംരക്ഷണ പദ്ധതിയും ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം.7/26.10.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും ആസ്തി രജിസ്റ്ററിൽ പൂർണമായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-18-2 ആസ്തി രജിസ്റ്റർ കാലികമല്ല

ലഭ്യമാക്കിയ ആസ്തി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല. പഞ്ചായത്തിന്റെ അധീനതയിലുള്ള എല്ലാ ആസ്തികളുടെയും വിവരം ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ചുവടെ പറയുന്ന ഭരണസമിതി തീരുമാനങ്ങളിൽ പരാമർശിച്ചിരിക്കുന്ന പഞ്ചായത്ത് വക ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന വിവരവും നൽകിയ ഓഡിറ്റ് അന്വേഷണം നം.29/30.10.23 ന് ലഭ്യമാക്കിയ മറുപടിയും ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഭരണസമിതി തീരുമാനം നം./തീയതി | വിഷയം | അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടി |
|---|---|---|---|
| 1 | 13(12)/05.02.22 | മാണിക്കൽ ഗ്രാമപഞ്ചായത്ത് തീപ്പുകൽ വാർഡിലെ നേതാജി നഗർ എന്ന സ്ഥലത്തെ ടി റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമീപ വാസികൾ സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യുകയും തുടർ നടപടികൾക്കായി ടി സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് LSGD AE യെ ചുമതലപ്പെടുത്തി തീരുമാനിച്ചു. | നിയമപരമായ Land Relimquishment നടപടിക്രമങ്ങൾ പൂർത്തിയാക്കി സമർപ്പിച്ചാൽ മാത്രമേ പ്രസ്തുത റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ എന്ന വിവരം 02.06.22 ലെ 76/AE/LID&EW/MKL/2022-23 നം.കത്ത് പ്രകാരം പഞ്ചായത്തിനെ അറിയിച്ചിട്ടുള്ളതാണ്. |
| 4 | 1(2)/28.10.22 | ഗീതം കമ്പിക്കട റോഡിൻറെ പേരുമാറ്റി പുന്നപുരം പരമേശ്വരൻ നായർ റോഡ് എന്നാക്കി മാറ്റണമെന്ന ആവശ്യം പ്രസ്തുത റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയ ശേഷം പരിഗണിക്കുന്നതിനും ആയതിലേക്കായി ആസ്തി രജിസ്റ്ററിൽ തിരുത്തൽ വരുത്തുകയോ പുതിയതായി കൂട്ടിചേർക്കുകയോ ചെയ്യുന്നതിനും തീരുമാനിച്ചു. | ഗീതം കമ്പിക്കട റോഡ് എന്ന പേരിൽ ഒരു റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. |

മേൽ ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-18-3 ആസ്തി സംരക്ഷണം - തുടർനടപടി സ്വീകരിക്കേണ്ടതാണ്

ചുവടെ പറയുന്ന ഭരണസമിതി തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വക ആസ്തികളുടെ സംരക്ഷണത്തിനായി സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ഭരണസമിതി തീരുമാനം നം./തീയതി | വിഷയം |
|---|---|---|
| 1 | 14(13)/07.06.22 | മാണിക്കൽ ഗ്രാമപഞ്ചായത്തിൽ ആലിയാട് വാർഡിൽ മൂളയം കൊറണ്ടിവിളയിൽ പഞ്ചായത്ത് പുറംമ്പോക്ക് ഭൂമിയിൽ അനധികൃതമായി കയ്യേറ്റം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത പുറമ്പോക്ക് ഭൂമി അടിയന്തിരമായി അളന്ന് തിട്ടപ്പെടുത്തുന്നതിനായി താലൂക്ക് സർവ്വേയറോട് അഭ്യർത്ഥിച്ച് തീരുമാനിച്ചു. |
| 2 | 12(11)/17.07.22 | മാണിക്കൽ ഗ്രാമപഞ്ചായത്ത് പിരപ്പൻകോട് വാർഡിലെ തെന്നൂർ ആമ്പല്ലൂർ മണ്ണാറുകോണത്ത് 2 മീറ്റർ വീതിയും ഉദ്ദേശം 2 കിലോമീറ്റർ നീളവും ഉള്ള തോടിന്റെ സൈഡ് കയ്യേറുന്നതായി ലഭിച്ച പരാതി കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും ടി തോടിന്റെ പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് താലൂക്ക് സർവ്വേയറോട് അഭ്യർത്ഥിച്ച് തീരുമാനിച്ചു. |

മേൽ വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 29/30.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ആസ്തികളിന്മേലുള്ള കയ്യേറ്റം തടയുന്നതിന് സത്വര നടപടി

സ്വീകരിക്കേണ്ടതും തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-18-4 സ്വകാര്യ വ്യക്തിയുടെ പേരിലുള്ള വസ്തുവിൽ പഞ്ചായത്ത് വക കെട്ടിടം സ്ഥിതി ചെയ്യുന്നു

മാണിക്കൽ ഗ്രാമപഞ്ചായത്ത് കള്ളിക്കാട് വാർഡിലെ ശ്രീമതി സുലേഖാ ബിവിയുടെ ഉടമസ്ഥതയിൽ കോലിയക്കോട് വില്ലേജിൽ ബ്ളോക്ക് നമ്പർ 28 ൽ, റീസർവ്വെ 197/4/5 – ൽ പ്പെട്ട മൂന്നര സെന്റ് വസ്തു 2012 ഏപ്രിലിൽ കള്ളിക്കാട് വാർഡിൽ ലക്ഷ്മിപുരം എന്ന സ്ഥലത്ത് അംഗൻവാടി നിർമ്മിക്കുന്നതിനുവേണ്ടി ദാനായാധാരം നൽകിയിരുന്നു. എന്നാൽ നാളിതുവരെയായി ടി വസ്തു പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടിയാൻ സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും 2012-ാം വർഷം ഏപ്രിൽ മാസം പന്ത്രണ്ടാം തീയതി ശ്രീമതി സുലൈഖാ ബീവി ബഹുമാനപ്പെട്ട കേരള സംസ്ഥാന ഗവർണർ മുമ്പാകെ 1272/2012 -ാം നമ്പരായി ദാനയാധാരം എഴുതിക്കൊടുത്തിരുന്നു. ടി ഭാഗത്ത് അങ്കണവാടി നമ്പർ 86 ലക്ഷ്മിപുരം പ്രവർത്തിച്ചു വരുന്നുണ്ട്. കോലിയക്കോട് വില്ലേജിൽ തണ്ടപ്പേർ കണക്കിൽ ടി വസ്തു അങ്കണവാടിയ്ക്ക് വേണ്ടി റീലിങ്ക്വിഷ് ചെയ്തിട്ടുണ്ട് എന്ന് കാണിച്ചിട്ടുണ്ടെങ്കിലും പോക്കുവരവ് ചെയ്തിട്ടില്ല. ആയതിനാൽ പോക്കുവരവ് ചെയ്ത് ടി വസ്തു ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് 10.03.23 ലെ കമ്മിറ്റി യോഗം ഇനം നം.9(1) പ്രകാരം തീരുമാനിച്ചു. ആയതിന്റെ തുടർനടപടി സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.29/30.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥലം പഞ്ചായത്തിന്റെ പേരിലേയ്ക്ക് മാറ്റുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതും തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-18-5 ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത കെട്ടിടത്തിൽ ടോയ്‌ലറ്റ് നിർമ്മാണം

വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം വർക്കിംഗ് ഗ്രൂപ്പിന്റെ 29.06.22 ലെ യോഗത്തിൽ മാണിക്കൽ പഞ്ചായത്തിലെ തീപ്പുകൽ വാർഡിലുള്ള സർഗ്ഗകൈരളി ലൈബ്രറിയെ പഞ്ചായത്തിലെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം വെച്ചിരുന്നു. കൂടാതെ കുടിവെള്ളം, ശുചിത്വം വർക്കിംഗ് ഗ്രൂപ്പിന്റെ 06.12.22 ലെ യോഗത്തിൽ സർഗ്ഗകൈരളി ലൈബ്രറിയിലേയ്ക്ക് പൈപ്പ് ലൈൻ നൽകി പണിതിട്ടുള്ള ശൗചാലയം ഉപയോഗയോഗ്യമാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ആയതിനാൽ സർഗ്ഗകൈരളി ലൈബ്രറിയെ പഞ്ചായത്തിലെ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടോയെന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.29/30.10.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം സർഗ്ഗകൈരളി ലൈബ്രറിയെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. 2022-23 വർഷം ടി ലൈബ്രറിയിലെ ശൗചാലയ നിർമ്മാണത്തിനായി അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്റ്റ് നം. 68/23 പ്രകാരം 147649 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം ആസ്തി രജിസ്റ്ററിൽ ഉൾപ്പടാത്ത കെട്ടിടത്തിനായി മേൽ തുക ചെലവഴിച്ചതിനുള്ള കാരണം വ്യക്തമാക്കേണ്ടതും ലൈബ്രറിയെ നാളിതുവരെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതുമാണ്.

## 1-19 നികുതി വരുമാന ശേഖരണം - അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാം റിപ്പോർട്ടിലെ നിർദ്ദേശം അനുസരിച്ച് പഞ്ചായത്തിലെ വിഭവസമാഹരണത്തിന്റെ വ്യപ്തിയും ആയതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങളും രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ലഭ്യമാക്കാൻ നൽകിയ എൻക്വയറി 1/2023-ന് പഞ്ചായത്ത് ലഭ്യമാക്കിയ മറുപടി ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.
ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രവർത്തനം

1) പുതിയ നികുതി വരുമാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയളവിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. പ്രസ്തുത വിഷയത്തിന്മേൽ നൽകിയ എൻക്വയറിക്ക് വിനോദ നികുതി ഇനത്തിൽ മുൻകാല കുടിശികയായ 10 ലക്ഷം രൂപ പിരിച്ചെടുത്തത് ആയിട്ടാണ് മറുപടി നൽകിയിട്ടുള്ളത്.

2) പ്രതിമാസ അവലോകനം ഔട്ട്ഡോർ കളക്ഷൻ തുടങ്ങിയ നടപടികളിലൂടെ തനത് വരുമാനം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായാണ് മറുപടി നൽകിയിട്ടുള്ളത്.

3) വസ്തു നികുതി, സേവന നികുതി, തൊഴിൽ നികുതി, കെട്ടിടനികുതി, മാർക്കറ്റ് ഫീസ് എന്നീ ഇനങ്ങളിൽ 100% വും പിരിച്ചെടുത്തതാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ 2022-23 വാർഷിക ധനകാര്യ പത്രികയുടെ ബാലൻസ് ഷീറ്റ് പരിശോധനയിൽ നിന്നും ചുവടെ പറയും പ്രകാരം കുടിശ്ശിക നിലവിലുണ്ട്

| ഇനം | തുക |
|---|---|
| വസ്തു നികുതി റസിഡൻഷ്യൽ | 549471 |
| വസ്തു നികുതി നോൺ റസിഡൻഷ്യൽ | 1152216 |
| തൊഴിൽ നികുതി ട്രേഡേഴ്സ് | 2000 |

കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19-1 വസ്തു നികുതി പരിഷ്കരണം -തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

05/04/2023 ലെ സ.ഉ.(അച്ചടി)നം.25/2023/LSGD പ്രകാരം ഗ്രാമപഞ്ചായത്തിലെ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം വസ്തുനികുതി നിരക്കുകൾ 01/04/2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് നിർദ്ദേശിച്ചു. 31/03/2023 വരെയുണ്ടായിരുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമങ്ങളെ വിവിധയിനങ്ങളിലായി വീണ്ടും വിഭജിച്ചാണ് ഉപയോഗക്രമ ഇനവും നികുതി സ്ലാബും നിശ്ചയിച്ചിട്ടുള്ളത്. വസ്തുനികുതി പരിഷ്കരണത്തിനുള്ള സർക്കാർ നിർദ്ദേശത്തിനനുസരിച്ച് 01.04.2023 മുതൽ ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി നിർണ്ണയം നടത്തുന്ന കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ചുമത്തുന്നതിനുള്ള നിരക്കുകൾ 10.04.2023 ലെ 3 നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണത്തിന് അനുസൃതമായി ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് കരട് വിജ്ഞാപനം ചെയ്തു. തുടർന്ന് 12.05.2023 ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 7(1) നമ്പർ തീരുമാനപ്രകാരം നികുതി നിരക്കുകൾ അന്തിമമായി നിശ്ചയിച്ചിട്ടുണ്ട്.

അന്തിമ വിജ്ഞാപനത്തിലെ നികുതി നിരക്കുകൾ നികുതി ഡേറ്റാബേസിൽ ഉൾപ്പെടുത്തി 2023-24 വർഷത്തെ ഡിമാന്റ് ജനറേറ്റ് ചെയ്യേണ്ടതാണ്. നികുതി നിരക്ക് പുതുക്കുമ്പോൾ പുതുതായി ഉൾപ്പെടുത്തിയ ഉപയോഗക്രമങ്ങൾക്ക് അനുസരിച്ച് കെട്ടിടങ്ങളെ വേർതിരിച്ച് ഡേറ്റാബേസിൽ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഉദാഹരണമായി പാർപ്പിടാവശ്യം, വ്യവസായ ആവശ്യം തുടങ്ങിയ കാറ്റഗറികളിൽ നിശ്ചയിച്ച പിരിവുകളായി വരുന്ന ഉപയോഗക്രമങ്ങൾ എല്ലാം ആയത് ബാധകമായ കെട്ടിടങ്ങളെത്തന്നെ ലിസ്റ്റ് ചെയ്യേണ്ടതാണ്. വസ്തുനികുതി പരിഷ്കരണത്തിന്റെ നടപടികളെല്ലാം പൂർത്തിയാക്കിയ ശേഷം നികുതി ഡേറ്റാബേസിൽ നിരക്കുകൾ ചേർത്തതിന്റെ റിപ്പോർട്ട്, 2023-24 വർഷത്തെ പുതുക്കിയ ഡിമാന്റ് ജനറേറ്റ് ചെയ്തത് എന്നിവ ലഭ്യമാക്കേണ്ടതാണ്. നിലവിൽ പഴയ നിരക്കിൽ നികുതി ഒടുക്കിയവരുടെ നികുതി പരിഷ്കരിക്കുമ്പോഴുണ്ടാകുന്ന വ്യത്യാസം അടവാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

(അവലംബം - ഓഡിറ്റ് അന്വേഷണക്കുറിപ്പ് 1/25.10.2023 -ന്റെ മറുപടി)

## 1-19-2 പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റുകൾ നടത്തിയതിന്റെയും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചതിന്റെയും വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-20 തൊഴിൽ നികുതി -സമ്പൂർണ ഡേറ്റാബേസ് സൂക്ഷിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിലോ അതിനു വെളിയിലോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്തിൽ താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതുമായ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ഗ്രാമ പഞ്ചായത്തിൽ സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, സ്വകാര്യ സ്കൂൾ/ കോളേജ് ജീവനക്കാർ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്

( അവലംബം - ഓഡിറ്റ് അന്വേഷണക്കുറിപ്പ് 1/25.10.2023 -ന്റെ മറുപടി)

## 1-21 പദ്ധതിപ്രവർത്തനം -അവശ്യരേഖകൾ സൂക്ഷിക്കുന്നില്ല

| | |
|---|---|
| പ്രോജക്റ്റ് നം., വിവരണം | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ<br>നമ്പർ 162/23 |

| | |
|---|---|
| അടങ്കൽ തുക | 1276989/- |
| ചെലവ് തുക | 1276989/- |
| ബിൽ നമ്പർ, തീയതി | 218/22-12-2022, (905146) |
| | 468/18-03-2023, (371843) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

28.05.2022 ലെ സ.ഉ. (കൈ) നമ്പർ 115/2022/ തസ്വഭവ ഖണ്ഡിക 7.2.6 പ്രകാരം വിദ്യാർത്ഥികൾക്ക് മേശയും കസേരയും ലഭ്യമാക്കുന്നതിന് പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്നത് ഉറപ്പാക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത ഫയൽ പരിശോധനയിൽ പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുള്ള രേഖകൾ ഉൾക്കൊള്ളിച്ചിട്ടില്ല. ആയതിന് 27.10.2023 ൽ 19 -ാം നമ്പരായുള്ള ഓഡിറ്റ് അന്വേഷണത്തിൽ മറ്റ് വകുപ്പുകളിൽ നിന്നും പഠനോപകരണങ്ങൾ ലഭിച്ചിട്ടില്ല എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മാർഗ്ഗരേഖയ്ക്ക് അനുസൃതമായുള്ള രേഖകൾ ഫയലുകളിൽ ഉൾക്കൊള്ളിക്കാതെയും ഓഡിറ്റിംഗിനായി ലഭ്യമാക്കാതെ നിർവ്വഹണ സമയത്ത് പരിശോധിച്ചു എന്നുള്ള മറുപടി സ്വീകാര്യമല്ല. ആകയാൽ മാർഗ്ഗരേഖകൾ അനുസരിച്ചാണോ പദ്ധതിപ്രവർത്തം നടന്നിട്ടുള്ളതെന്ന് ഈ വിഷയത്തിൽ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖ പ്രകാരമാണ് നടപ്പിലാക്കിയത് എന്ന് ഓഡിറ്റ് ഉറപ്പാക്കുവാൻ സാധിക്കും വിധമുള്ള എല്ലാ രേഖകളും ഫയലിൽ ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-22 റോഡ് കണക്റ്റിവിറ്റി മാപ്പ് പദ്ധതി പൂർത്തീകിരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം., വിവരണം | 201/23, റോഡ് മാപ്പിംഗ്- കണക്ടിവിറ്റി |
| അടങ്കൽ തുക | 63000/- (തനത് ഫണ്ട്) |
| ചെലവ് തുക | 25200/- (തനത് ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പതിനാലാം പഞ്ചവൽസര പദ്ധതിയിലെ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ- ജി.ഒ (എം.എസ്) നമ്പർ 84/2022/ ത.സ്വ.ഭ.വ., തീയതി 19/4/22 ലെ ഖണ്ഡിക 8-14, പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കുകയും റോഡ് വികസനം, റോഡ് കണക്റ്റിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. അതോടൊപ്പം തന്നെ, സ്വാഭാവിക ജലനിർഗ്ഗമനം സുഗമമാക്കുന്നതിനുള്ള ഡ്രെയിനേജ് പ്ലാനും തയ്യാറാക്കണം. നിലവിലുള്ള റോഡുകൾക്കും പുതിയ റോഡുകൾക്കും ഡ്രെയിനേജ് സംവിധാനം ഉറപ്പു വരുത്തണം. ഗ്രാമ പഞ്ചായത്ത് തൻവർഷം നിരവധി റോഡ് ടാറിംഗ്, റോഡ് കോൺക്രീറ്റിംഗ്, സൈഡുവാളുകൾ എന്നീ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയല്ല ഇവ ഏറ്റെടുത്തിരിക്കുന്നത്. റോഡ് കണക്ടിവിറ്റി മാപ്പിംഗ് തയ്യാറാക്കുന്നതിന് നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ട് പൂർത്തീകരിക്കാത്തതിന് 30.10.2023 ൽ 35 -ാം നമ്പരായുള്ള ഓഡിറ്റ് അന്വേഷണത്തിന് പദ്ധതി പ്രവർത്തനങ്ങൾ നിലവിൽ വെരിഫിക്കേഷൻ സ്റ്റേജിലാണെന്നും പൂർത്തായാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും മറുപടി ലഭ്യമാക്കിയിട്ടുള്ളതാണ്. പദ്ധതി സ്പിൽ ഓവർ ആയതിനാൽ നടപ്പ് വർഷം തന്നെ പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കണ്ടേതാണ്.

## 1-23 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

വിവിധ പദ്ധതികൾക്കുള്ള പഞ്ചായത്ത് വിഹിതമായി വിവിധ ഏജൻസികൾക്ക് തുക കൈമാറിയിട്ടുണ്ട് ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

| ക്രമ നം. | പ്രോജക്ട് നമ്പർ/വിവരണം | നിർവ്വഹണ ഏജൻസി | തുക |
|---|---|---|---|
| 1 | 93/23, എസ് എസ് കെ വിഹിതം നൽകൽ (ജനറൽ) | എസ് എസ് കെ | 1400000 |
| 2 | 94/23, എസ് എസ് കെ വിഹിതം നൽകൽ (പട്ടിക ജാതി) | എസ് എസ് കെ | 800000 |
| | **ആകെ** | | **2200000** |

പഞ്ചായത്ത് ഫണ്ടിൽ നിന്നും വിവിധ ഏജൻസികൾക്ക് വിഹിതം നൽകുന്ന തുകയുടെ വിനിയോഗവിവരം യഥാസമയം ഏജൻസികളിൽ നിന്നും വാങ്ങുന്നതിനുള്ള നടപടികൾ സമയബന്ധിതമായി കൈക്കൊണ്ടിട്ടില്ല. ബന്ധപ്പെട്ട

ഏജൻസികളിൽ നിന്നും വിനിയോഗവിവരം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 എഫ് എച്ച് സി കോംമ്പൗണ്ടിൽ മണ്ണ് ഘനനം -ലേലനടപടികൾ സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം., വിവരണം | 66/22-23, ചുറ്റുമതിൽ നിർമ്മാണം (2-ാം ഘട്ടം) മറ്റ് അനുബന്ധജോലികൾ എഫ് എച്ച് സി കോലിയക്കോട് |
| അടങ്കൽ തുക | 1757579/- |
| ചെലവ് തുക | 1756778/- |
| കരാറുകാരൻ | സുകുമാരൻ നായർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പ്രസ്തുത പ്രവർത്തിയുടെ എം ബുക്ക് പരിശോധനയിൽ 640 $M^3$ മണ്ണ് ഘനനം നടത്തിയിട്ടുള്ളതാണ്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഐറ്റം നമ്പർ | ജോലി | എം.ബുക്ക് പേജ് | വ്യാപ്തം (എം 3) (കുഴിച്ചെടുത്ത മണ്ണിന്റെ അളവ്) |
|---|---|---|---|
| 1.01 | Earth Work In Excavation By Mechanical Means / Manual Means In Foundation Trenches Etc Complete | 60 | 51.23 |
| 1.12 | | 64 | 494 |
| 2.01 | | 64 | 95 |
| | **Total** | | **640.23 $M^3$** |

മണ്ണിന്റെ വിനിയോഗവവരം സംബന്ധിച്ചുള്ള വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 31.10.2023 തീയതിയിൽ 39 -ാം നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയിരുന്നു. FHC പരിസരത്ത് മണ്ണ് സ്റ്റാക്ക് ചെയ്തിട്ടുണ്ടെന്നും ആയത് ലേലം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊണ്ട് വരുന്നതായും മറുപടി ലഭ്യമാക്കിയിട്ടുള്ളതാണ്. ലേല നടപടികൾ അടിയന്തിരമായി സ്വീകരിച്ച് തുക ബന്ധപ്പെട്ട ഫണ്ട്/ശീർഷകത്തിലേക്ക് ഒടുക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-25 പ്രോജക്ട് മാർഗ്ഗരേഖയ്ക്ക് വിരുദ്ധം 168000/- രൂപ തടസപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. , വിവരണം | 200/22-23, ആശ്വാസ് ഡയാലിസ്സിസ് രോഗികൾക്ക് ചികിത്സ സഹായം പഞ്ചായത്ത് വിഹിതം |
| അടങ്കൽ തുക | 300000/- (തനത് ഫണ്ട്) |
| ചെലവ് തുക | 168000/- (തനത് ഫണ്ട്) |
| ചെക്ക് വിവരങ്ങൾ | 138883/31.03.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിന് 14 ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കി ഒരു വർഷത്തേക്ക് പ്രതിമാസം 1000/- രൂപ എന്ന കണക്കിൽ ഒരു വർഷത്തേക്ക് 168000/- രൂപ പഞ്ചായത്ത് വിഹിതമായി ജില്ല പഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണ്. എന്നാൽ 28.05.2022 തീയതിയിലെ സ.ഉ (കൈ) നം.115/2022/തസ്വഭവ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.6.7 പ്രകാരം പ്രോജക്ട് ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കുമാണ് നടത്തുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. ഈ പ്രോജക്ടിനായി തുക ജില്ല പഞ്ചായത്തിന് ഗ്രാമപഞ്ചായത്ത് വിഹിതമായി കൈമാറിയതിന് വിശദീകരണവും ആയതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാൻ 28.10.2023 തീയതിയിലെ 24 -ാം നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയിട്ടുള്ളതാണ്. പദ്ധതി രൂപീകരണ സമയത്ത് ഡി പി സി നിർദ്ദേശത്തിന്റെയും പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്റെയും ജില്ലാ പഞ്ചായത്തിന്റെ റിക്വസ്റ്റിന്റേയും അടിസ്ഥാനത്തിലാണ് പ്രോജക്ട് നടപ്പിലാക്കിയത് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. സ.ഉ. (കൈ) നം.115/2022/തസ്വഭവ സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടപ്പിലാക്കിയ പ്രോജക്ടനായി ഗ്രാമപഞ്ചായത്ത് വിഹിതമായി അനുവദിച്ച രൂപ 168000/- തടസ്സപ്പെടുത്തുന്നു. ഉചിതമായ നടപടി സ്വീകരിച്ച് തടസ്സപ്പെടുത്തൽ നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം., വിവരണം | 27/23, സ്ട്രീറ്റ് ലൈറ്റുകളുടെ മെയിന്റനൻസ് |
| അടങ്കൽ തുക | 3500000/- (വികസന ഫണ്ട്, ധനകാര്യ കമ്മിഷൻ അവാർഡ്, തനത് ഫണ്ട്) |
| ചെലവ് തുക | 2792812/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രസ്തുത പ്രവർത്തി പരിശോധനയിൽ കണ്ടെത്തിയ അപാതകൾ ചുവടെ ചേർക്കുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് 28.10.2023 തീയതിയിൽ ഓഡിറ്റ് അന്വേഷണം നൽകിയിരുന്നതിൽ മറുപടി ലഭ്യമാക്കിയിട്ടില്ല.

1. സർക്കുലർ നമ്പർ 177/DA3 2017/തസ്വഭവ തീയതി 07.11.2017 പ്രകാരം തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട കരാറുകാർക്ക്, സെക്യൂരിറ്റി ഡെപ്പോസിറ്റ് ആവശ്യമാണ്. ഫയൽ പരിശോധിച്ചതിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

2. തെരുവു വിളക്കുകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ, പോസ്റ്റ് നമ്പർ രേഖപ്പെടുത്തുന്ന രജിസ്റ്റർ, 2022-2023 വർഷത്തെ മെയിന്റനൻസ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

പ്രസ്തുത രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നതിനും, തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 ജനറേറ്റർ -ഇൻസ്റ്റലേഷൻ-മെയിന്റനൻസ്-അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം., വിവരണം | 47/23,<br>പഞ്ചായത്ത് ഓഫീസിൽ ജനറേറ്റർ സ്ഥാപിക്കൽ |
| അടങ്കൽ തുക | 696241 /- (ധനകാര്യ കമ്മിഷൻ അവാർഡ്) |
| ചെലവ് തുക | 696241/- (ധനകാര്യ കമ്മിഷൻ അവാർഡ്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്ത് ഓഫീസിൽ ജനറേറ്റർ സ്ഥാപിക്കൽ പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ജനറേറ്റർ സ്ഥാപനം സംബന്ധിച്ച ജോലികൾ പൂർത്തിയാക്കി ഉപയോഗയോഗ്യമാക്കിയത് സംബന്ധിച്ചുള്ള ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് അസ്സി. എഞ്ചിനീയറുടെ (ഇലക്ട്രിക്കൽ ഡിവിഷൻ) സർട്ടിഫിക്കറ്റ് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

2. ജനറേറ്റർ ഓപ്പറേറ്റർ മാന്വൽ വാറന്റി പോളിസി പ്രകാരം കമ്പനി നൽകുന്ന 24 മാസത്തെ വാറന്റി ലഭിക്കണമെങ്കിൽ Periodical Service, Authorised Dealer / Service Provider മുഖേന ചെയ്യേണ്ടതായുണ്ട്. എന്നാൽ ജനറേറ്റർ ഉപയോഗം സംബന്ധിച്ചുള്ള ഫയൽ പരിശോധിച്ചതിൽ Periodical Service ചെയ്തതായി കാണുന്നില്ല. മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിന് 02.11. 2023 തീയതി 56 -ാം നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ജനറേറ്റർ സ്ഥാപനം സംബന്ധിച്ച ജോലികൾ പൂർത്തിയാക്കി ഉപയോഗയോഗ്യമാക്കിയത് സംബന്ധിച്ചുള്ള ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് അസ്സി. എഞ്ചിനീയറുടെ (ഇലക്ട്രിക്കൽ ഡിവിഷൻ) സർട്ടിഫിക്കറ്റ് നേടുന്നതിനും Periodical Service നുള്ള നടപടികൾ സ്വീകരിച്ച് കമ്പനി വാറന്റി ലഭിക്കുന്നതിനുമുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-28 തൊഴിൽദായക സംരംഭങ്ങൾ - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

1. സ.ഉ.(കൈ) നം. 84/2022/ തസ്വഭവ തീയതി. 19.04.2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖ.8.4 പ്രകാരം പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് ചെറുകിട-പരമ്പരാഗത വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുകയും അവയിൽ മൂലധന നിക്ഷേപം വർധിപ്പിക്കുകയും ചെയ്യുക എന്നതാണ്. എല്ലാ മേഖലകളിലും പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തൊഴിൽ നൈപുണ്യ പരിശീലനം നൽകുക, സാങ്കേതിക സഹായം നൽകുക, സംരഭകത്വ വികസനത്തിന് പ്രോൽസാഹനം നൽകുക എന്നിവയും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.

2. സ.ഉ.(കൈ) നം. 115/2022/ തസ്വഭവ തീയതി. 18.05.2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ.6.5.1 പ്രകാരം എല്ലാ തദ്ദേശ സ്ഥാപനങ്ങളും വാർഷിക പദ്ധതിക്കൊപ്പം പ്രാദേശിക സാമ്പത്തിക വികസനത്തിനുള്ള ഒരു പദ്ധതി (LED PLAN) കൂടി 2022 -23 മുതൽ തയ്യാറാക്കേണ്ടതുണ്ട്. സംരംഭകത്വ വികസനവും നൈപുണ്യ വികസനവുമാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ സ്വയം തൊഴിൽ സംരംഭങ്ങൾ, തൊഴിൽദായക സംരംഭങ്ങൾ, നൈപുണ്യ വികസനം

എന്നിവയ്ക്കാണ് പരിഗണനന നൽകേണ്ടത്.

മേൽ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ടുക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 4/25.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽദായക സംരംഭങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-29 ടൂറിസം വികസനത്തിലൂടെ പ്രാദേശിക സാമ്പത്തിക വികസനത്തിനുള്ള സാധ്യത തേടാവുന്നതാണ്

സ.ഉ.(കൈ) നം. 84/2022/ തസ്വഭവ തീയതി. 19.04.2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖ.8.15 പ്രകാരം ടൂറിസം വികസന സാധ്യതയുള്ള പ്രദേശം കണ്ടെത്തി പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള ഡെസ്റ്റിനേഷൻ ചലഞ്ച്, ഉത്തരവാദിത്ത ടൂറിസം ഉൾപ്പെടെയുള്ള പദ്ധതികളുമായി സഹകരിച്ച് പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന ടൂറിസം വകുപ്പുമായി ചേർന്നുള്ള 'ഡെസ്റ്റിനേഷൻ ചലഞ്ച് ' പദ്ധതികൾ കൂടുതൽ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനും കേരളത്തിലെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ഒരു ടൂറിസം കേന്ദ്രമെങ്കിലും വികസിപ്പിക്കാനുള്ള പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് സർക്കുലർ നം. ഡി.എ1/287/2022- തസ്വഭവ തീയതി. 17/04/2023 പ്രകാരവും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിന്മേൽ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 4/25.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടൂറിസം വികസന സാധ്യതയുള്ള പ്രദേശം കണ്ടെത്തി, അതിലൂടെ പ്രാദേശിക സാമ്പത്തിക വികസനത്തിനുള്ള സാധ്യത തേടാവുന്നതാണ്.

## 1-30 സർക്കാർ നിർദ്ദേശപ്രകാരമുള്ള കുടിശ്ശിക രജിസ്റ്റർ പരിപാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ബാലൻസ്ഷീറ്റ് പ്രകാരം ചുവടെ ചേർക്കുന്ന കുടിശ്ശിക തുകകൾ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്.

| ക്രമ നം. | ഇനം | കുടിശ്ശിക |
|---|---|---|
| 431100104 | Receivables For Property Tax On Non-Residential Buildings (Arrears) | 793164 |
| 431100102 | Receivables For Property Tax On Residential Buildings (Arrears) | 541065 |
| 431190202 | Receivables For Advertisement Tax (Arrears) | 32500 |
| 431300102 | Receivables For Licence Fees For Factories, Traders, Enterpreneuors And Other Services (Arrears) | 8460 |
| 431400104 | Rent Receivables From Lease Of Lands (Arrears) | 53329 |
| 431400116 | Receivables Towards Usufructs Of Trees(Arrears) | 9125 |

തനത് വരുമാനത്തിലെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തയ്യാറാക്കണമെന്ന് 1.06.2022 ലെ സർക്കാർ ഉത്തരവ് നം. സ.ഉ.(കൈ)നം.117/2022/LSGD പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

ഉത്തരവിലെ മറ്റ് നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

എ) എല്ലാ നികുതി വരുമാനത്തിന്റെയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണ്.

ബി) നികുതി, നികുതിയേതര വരുമാനത്തിന്റെ അവലോകനം മൂന്നു മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണ്.

പ്രസ്തുത സർക്കാർ ഉത്തരവിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിവരം, കുടിശ്ശിക രജിസ്റ്റർ എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.5/26.10.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം സർക്കാർ നിർദ്ദേശ പ്രകാരമുള്ള കുടിശ്ശിക രജിസ്റ്റർ സൂക്ഷിക്കുന്നില്ല എന്നറിയിച്ചിട്ടുണ്ട്. പ്രതിമാസം 10-ാം തീയതിക്കകം ചേരുന്ന ധനകാര്യ കമ്മിറ്റിയിൽ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ചർച്ച ചെയ്യാറുള്ളതും തീരുമാനങ്ങൾ ഭരണസമിതി മുൻപാകെ അവതരിപ്പിച്ച് അംഗീകാരം വാങ്ങാറുള്ളതുമാണെന്നും വാർഡ്/ഗ്രാമസഭകളിൽ വരവ് ചെലവ് കണക്കുകൾ പ്രത്യേക അജണ്ട വെച്ച് ചർച്ച ചെയ്യാറുണ്ടെന്നും എന്നാൽ പ്രസ്തുത ആവശ്യത്തിനായി 3 മാസത്തിലൊരിക്കൽ ഗ്രാമസഭകൾ വിളിച്ച് ചേർക്കാറില്ലെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശപ്രകാരമുള്ള കുടിശ്ശിക രജിസ്റ്റർ പരിപാലിക്കേണ്ടതും കുടിശ്ശിക തുകകൾ എത്രയും വേഗം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. ആയതിനുള്ള സർക്കാർ നിർദ്ദേശങ്ങൾ

പാലിക്കേണ്ടതാണ്.

## 1-31 രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല

വിവിധ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള വിവിധ രജിസ്റ്ററുകളുടെ പരിശോധനയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1. ലഭ്യമാക്കിയ വിവരാവകാശ രജിസ്റ്റർ പരിശോധിച്ചതിൽ ലഭിക്കുന്ന അപേക്ഷയ്ക്ക് മറുപടി/റിപ്പോർട്ട് നൽകിയ തീയതി, ഫീസ് ഒടുക്ക വിവരം എന്നിവയുടെ കോളങ്ങളിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല എന്നു കാണുന്നു.

2. സ്ഥാപനത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്, നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1961/22, തീയതി 31.01.23 പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ ഓഡിറ്റ് റിപ്പോർട്ട് രജിസ്റ്ററിൽ 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

3. ലഭ്യമാക്കിയ സ്യൂട്ട് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല. ഓരോ കേസിന്റെയും വിഷയം, തുടർനടപടി വിവരം, കേസ് തീർപ്പാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം എന്നിവയൊന്നും തന്നെ രജിസ്റ്ററിൽ ചേർത്തിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.50/02.11.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം രജിസ്റ്ററുകൾ കാലികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കാലികമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-32 വാഹനങ്ങളുടെ ലോഗ് ബുക്ക് പരിപാലനം

1. പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ KL-21 L 6584 നം. ബൊലേറോ ജീപ്പ്, മാലിന്യം നീക്കം ചെയ്യുന്നതിനായി ഹരിതകർമ്മസേന ഉപയോഗിക്കുന്ന KL-16 Z 5815 നം. മിനി ലോറി എന്നിവയുടെ ലോഗ് ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നു. അവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) KL-16 Z 5815 നം. വാഹനത്തിന്റെ പ്രതിമാസ ലോഗ് ബുക്ക് സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ വാഹനത്തിന്റെ ശരാശരി മൈലേജ് കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല.

ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹന ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(എം.എസ്)നം.170/07/തസ്വഭവ തിയതി 30.06.2007 പ്രകാരം ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച മുൻ അർദ്ധ വർഷത്തെ വാഹനം സംബന്ധിച്ച വരവ് ചെലവ് കണക്കുകളുടെ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

സി) രണ്ട് വാഹനങ്ങളുടെയും ഫ്യൂവൽ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വാഹനത്തിൽ ഇന്ധനം നിറച്ചത് സംബന്ധിച്ച വിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ബില്ലുകൾ ഉൾപ്പെടുത്തിയിട്ടില്ല.

ഡി) KL-21 L 6584 നം. വാഹനത്തിന്റെ ലോഗ് ബുക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള Fuel Consumption Certificate പ്രകാരം അവസാനമായി ടെസ്റ്റ് നടത്തിയത് 16.08.22 നാണ്. G.O(Rt)No.582/75/PW തിയതി 05.05.1975 പ്രകാരം ഓരോ വർഷവും ഫ്യൂവൽ ടെസ്റ്റ് നടത്തേണ്ടതാണ്. മേൽ തീയതിയ്ക്ക് ശേഷം ടെസ്റ്റ് നടത്തിയിട്ടുള്ളതിന്റെ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

2. KL-16 Z 5815 നം. വാഹനത്തിന്റെ ലോഗ് ബുക്കിൽ 7.04.22 ലാണ് ടി വാഹനം പഞ്ചായത്തിന് ലഭിച്ചിട്ടുള്ളതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വാഹനത്തിന്റെ വിവരം പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

3. ധനകാര്യ വകുപ്പിന്റെ 22-10-2020 ലെ 59/2020നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS" എന്ന സൈറ്റിൽ 30-11-2020 ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ പ്രസ്തുത സൈറ്റ് പരിശോധിച്ചതിൽ മേൽപ്പറഞ്ഞ വാഹനങ്ങളുടെ വിവരം രജിസ്റ്റർ രേഖപ്പെടുത്തിയിട്ടില്ല എന്നു കാണുന്നു.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.40/31.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതും ആവശ്യപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ വാഹനങ്ങളുടെ വിവരം "VEELS" സൈറ്റിൽ രജിസ്റ്റർ ചെയ്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-33 പ്രൊക്യൂർമെന്റ് കമ്മിറ്റി - ചുമതലകൾ നിറവേറ്റുന്നില്ല

സ.ഉ (പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.10, 2013ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1 എന്നിവ പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തികവർഷാരംഭത്തിൽ തന്നെ പ്രൊക്യൂർമെന്റ് കമ്മിറ്റി നടത്തേണ്ടതും ബാധകമായ നടപടിക്രമം അനുസരിച്ച് വാങ്ങേണ്ടതുമാണ്. എന്നാൽ പ്രസ്തുത കമ്മിറ്റിയുടെ മീറ്റിംഗ് രജിസ്റ്റർ പരിശോധിച്ചതിൽ ഇത്തരത്തിലുള്ളൊരു കണക്കെടുപ്പൊന്നും നടത്തിയിട്ടുള്ളതായി കാണുന്നില്ല. 2022-23 വർഷം ആകെ 3 തവണ മാത്രമാണ് കമ്മിറ്റി കൂടിയിട്ടുള്ളത്. വിവിധ വാങ്ങലുകൾ ടെണ്ടർ വിളിച്ചോ നേരിട്ടോ നടത്തുന്നതിന് തീരുമാനിച്ച വിവരം മാത്രമാണ് രജിസ്റ്ററിലുള്ളത്. വാങ്ങൽ പദ്ധതിയുടെ തുക നിശ്ചയിക്കുക, അംഗീകാരവും ഫണ്ടുകളും ഉറപ്പാക്കുക, ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുക, വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരപരിശോധന എന്നിവയെല്ലാം പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ചുമതലകളിൽപ്പെടുന്നവയാണ്. പ്രസ്തുത ചുമതലകൾ കമ്മിറ്റി നിർവ്വഹിച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ പ്രോജക്ട് നം.176/23- യു.പി.സ്കൂളിൽ വാൾ സ്പീക്കർ സ്ഥാപിക്കൽ, പ്രോജക്ട് നം.173/23- പഞ്ചായത്ത് ഓഫീസിൽ സോളാർ സ്ഥാപിക്കൽ എന്നീ പ്രോജക്ടുകളുടെ ഭാഗമായുള്ള വാങ്ങലുകൾ കമ്മിറ്റി ഗുണനിലവാരപരിശോധന നടത്തി അംഗീകാരം നൽകിയിട്ടില്ല. കൂടാതെ കമ്മിറ്റി മിനിട്സ് ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.50/02.11.23 പ്രകാരം അടുത്ത സാമ്പത്തിക വർഷം മുതൽ നടപടിക്രമം പാലിച്ച് രജിസ്റ്റർ കാലികമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതും മിനിട്സ് കാലികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-34 ഗ്രാമസഭ യോഗം - അവലോകനം

2022-23 വർഷത്തെ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നടന്ന ഗ്രാമസഭാ യോഗങ്ങളുടെ മിനിട്സ് പരിശോധിച്ചതിൽ, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം, 1995 ലെ കേരളാ പഞ്ചായത്ത് രാജ് (ഗ്രാമസഭകളുടെ യോഗം വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പൂർണമായും പാലിക്കാതെയാണ് ഗ്രാമസഭാ യോഗങ്ങൾ നടത്തിയിരിക്കുന്നതെന്ന് കാണുന്നു.

1. 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 3 (3) പ്രകാരം ഗ്രാമസഭ കുറഞ്ഞ പക്ഷം 3 മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ 2022 ഡിസംബർ മാസത്തിൽ ഗ്രാമസഭ കൂടിയതിനുശേഷം 2023മെയ് മാസത്തിലാണ് എല്ലാ വാർഡുകളുടെയും ഗ്രാമസഭ വീണ്ടും ചേർന്നിട്ടുള്ളത്.

2. 09/22 ൽ കൂടിയ വിവിധ വാർഡുകളുടെ ഗ്രാമസഭ യോഗങ്ങളിൽ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച് ചർച്ച ചെയ്തിട്ടുണ്ട്. എന്നാൽ 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2) അനുശാസിക്കും പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഭരണസമിതി എടുത്ത തീരുമാനങ്ങളുടെ പകർപ്പ് സഹിതം ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

3. സ.ഉ.(കൈ)84/2022/തസ്വഭവ, തീ.18.04.22 പദ്ധതി മാർഗ്ഗരേഖ ഖ.3.2.3 ലെ ക്രമ നം. 3 പ്രകാരം മുൻ വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകൾ (ഫോറം 4 ൽ തയ്യാറാക്കിയത്), നടപ്പ് വാർഷിക പദ്ധതിയുടെ അവലോകനം (ഫോറം 5 ൽ തയ്യാറാക്കിയത്), വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ (ഫോറം 6 ൽ തയ്യാറാക്കിയത്), ഗ്രാമപഞ്ചായത്തിന്റെ പരിഷ്കരിച്ച അവസ്ഥാരേഖയുടെ രത്നചുരുക്കം എന്നിവ അച്ചടിച്ച് ഗ്രാമസഭ യോഗത്തിൽ വിതരണം ചെയ്യണം. എന്നാൽ മേൽപ്പറഞ്ഞ കാര്യങ്ങൾ ചെയ്തിട്ടുണ്ടോയെന്ന വിവരം ഗ്രാമസഭമിനിട്സിൽ നിന്നും ലഭ്യമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.18/27.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ നിഷ്കർഷിക്കും പ്രകാരം യോഗം കൂടുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-35 ഓഡിറ്റ് റിപ്പോർട്ടിന്മേൽ സ്വീകരിച്ച തുടർനടപടി വിവരം ലഭ്യമല്ല

1. മാണിക്കൽ ഗ്രാമ പഞ്ചായത്തിലെ 20 അംഗൻവാടികൾക്ക് പഞ്ചായത്തിൽ നിന്ന് നേരിട്ട് അറ്റകുറ്റപ്പണി നടത്തിയ സാഹചര്യത്തിൽ, ഇതേ ആവശ്യത്തിനായി PWD യിൽ നിക്ഷേപിച്ച 800000/- രൂപ (@ 40000) തിരികെ ലഭ്യമാക്കാൻ PWD കെട്ടിട വിഭാഗം ചീഫ് എഞ്ചിനിയറോട് അവശ്യപ്പെട്ട് ജനറൽ കമ്മിറ്റി 11/08/21 ലെ 17(5) നം. പ്രകാരം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യാൻ 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ. 1-28 ബി പ്രകാരം നിർദ്ദേശിച്ചിരുന്നു.

2. 2021-22 വർഷം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് അനുവദിച്ചിരുന്നതും എന്നാൽ സ്ഥാപനത്തിന് ലഭിച്ചിട്ടില്ലാത്തതുമായ 1000000/- രൂപ ഏത് അക്കൗണ്ടിലാണ് നിലനിൽക്കുന്നത് എന്ന വിവരം ലഭ്യമാക്കുന്നതിന് 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ. 1-37 പ്രകാരം നിർദ്ദേശിച്ചിരുന്നു.

3. 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ. 1-46 പ്രകാരം ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ KWA യുമായി ചേർന്ന്

സംയുക്ത പരിശോധന നടത്തുന്നതിന് നിർദ്ദേശിച്ചിരുന്നു.

കൂടാതെ 2022-23 വർഷത്തെ ഭരണസമിതിയുടെ 15.12.22 ലെ 1/2, 10.03.23 ലെ 3/1 നം. തീരുമാനങ്ങൾ പ്രകാരവും അടിയന്തിരമായി സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെടുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

മേൽ ഓഡിറ്റ് റിപ്പോർട്ട് പരാമർശങ്ങളിലുള്ള വിഷയങ്ങളിന്മേൽ സ്ഥാപനം സ്വീകരിച്ച തുടർനടപടി/നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.36/31.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്വീകരിച്ച തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-36 വി.ഇ.ഒ യുടെ അക്കൗണ്ടിൽ അവശേഷിച്ച 467911/- രൂപ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തനത് ഫണ്ടിലേയ്ക്ക് മാറ്റി

ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ ബി.ഡി.ഒ മാർക്ക് നൽകിയ 12.04.2019 ലെ നം.എ5/574 /19/പി.എ.യു കത്ത് പ്രകാരം വിഇഒ മാരുടെ പേരിൽ ഇഎംഎസ് ഭവനപദ്ധതിയ്ക്കായി ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളിൽ നീക്കിയിരിപ്പുള്ള തുകകൾ ട്രഷറിയിൽ സർക്കാർ അക്കൗണ്ടിൽ തിരിച്ചടയ്ക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇതിന് വിരുദ്ധമായി ഇ.എം.എസ് ഭവന പദ്ധതി അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയായ 467911 രൂപ യൂണിയൻ ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടായ 444702010013537 ലേക്ക് ഒടുക്കിയിരിക്കുന്നു (രസീത് നം.1220000384/31.03.23). എന്നാൽ ടി തുക നാളിതുവരെ സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ല. തുക തനത് ഫണ്ടിലേയ്ക്ക് മാറ്റിയതിനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.54/02.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി 467911/- രൂപ തനത് ഫണ്ടിലേയ്ക്ക് മാറ്റിയതിന് വിശദീകരണം തുക ട്രഷറിയിൽ സർക്കാർ അക്കൗണ്ടിൽ തിരിച്ചടയ്ക്കുകയോ/തുക തനത് ഫണ്ടിൽ ഒടുക്കിയതിന് സർക്കാർ സാധൂകരണം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

## 1-37 ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് ഒടുക്കേണ്ട തുക ആവശ്യപ്പെട്ടിട്ടും നാളിതുവരെ തിരികെ ഒടുക്കിയിട്ടില്ല

ശിശുവികസന പദ്ധതി ഓഫീസർ നിർവ്വഹണം നടത്തിയ മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്ടിൽ 4,27,500/- രൂപ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ 4,12,000/- ചെലവഴിച്ചതിൽ അവശേഷിക്കുന്ന തുകയായ 15,500/- രൂപ ബ്ലോക്ക് വികസന ഫണ്ടിന്റെ RPO ശീർഷകത്തിൽ തിരിച്ചടയ്ക്കേണ്ടതാണെന്ന് അറിയിച്ചിരുന്നതിനാൽ (വാമനപുരം ശിശുവികസന പദ്ധതി ഓഫീസറുടെ 29/05/2022 ലെ 159/2022 നം. കത്ത്) തുക തിരിച്ചടയ്ക്കുന്നതിന് 17.07.22 ൽ കൂടിയ യോഗത്തിൽ ഇനം നം. 12(22) തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിരുന്നു. തുക തിരിച്ചടച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 32/31.10.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഏത് ഹെഡ്ഡിലേയ്ക്ക് തുക അടയ്ക്കണമെന്ന വിവരം ബ്ലോക്കാഫീസിൽ നിന്നും ലഭ്യമാകാത്ത സാഹചര്യത്തിൽ തുക ഒടുക്കിയിട്ടില്ല എന്നറിയിച്ചിരിക്കുന്നു. പ്രസ്തുത വിഷയത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതും തുക ഒടുക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-38 SC കോളനി കുടിവെള്ള കുടിശ്ശിക പഞ്ചായത്ത് ഒടുക്കിയിരിക്കുന്നു

ഭരണസമിതിയുടെ 10.03.23 ലെ നം. 7/1 തീരുമാനപ്രകാരം കൊപ്പം വാർഡിലെ കരിക്കകം SC കോളനി കുടിവെള്ള പദ്ധതിയുടെ വാട്ടർ ബിൽ (പിഴപ്പലിശയും, മറ്റ് സർ ചാർജ്ജുകളും ഒഴിവാക്കിക്കൊണ്ടുള്ള 130649/- രൂപയുടെ ബിൽ) ലഭിച്ചതായും അടിയന്തിര സാഹചര്യമുള്ളതിനാൽ പ്രസ്തുത തുക തനത് ഫണ്ടിൽ നിന്നും ഒടുക്കുന്നതിനും 2 മാസത്തിനുള്ളിൽ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ വിളിച്ച് ചേർത്ത് ഒരു ഗുണഭോക്തൃയോഗം രൂപീകരിക്കുന്നതിന് പ്രസ്തുത വാർഡിലെ പഞ്ചായത്ത് മെമ്പറെ ചുമതലപ്പെടുത്തിയും തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ വൗച്ചർ നം.22201537/29.03.23 പ്രകാരം മേൽ തുക കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട് (ചെക്ക് നം.138665/29.03.23). 05/21 മുതൽ 02/23 വരെയുള്ള കാലയളവിലെ വാട്ടർ ചാർജ് തുകയാണ് ഇപ്രകാരം ഒടുക്കിയിട്ടുള്ളത്. മേൽ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണ സമയത്ത് വാട്ടർ ചാർജ്ജ് ഒടുക്കുന്നതിനുള്ള ബാധ്യത ആരിലാണ് നിശ്ചയിച്ചിരുന്നതെന്ന വിവരം ലഭ്യമല്ല. അത് നിയമപ്രകാരം പഞ്ചായത്തിന്റെ ബാധ്യതയായി വരുന്നുവെങ്കിൽ മാത്രമാണ് വാട്ടർ ചാർജ്ജ് പഞ്ചായത്ത് ഒടുക്കേണ്ടിയിരുന്നത്. 22 ഓളം വ്യക്തിഗത കുടുംബങ്ങൾ ഉപയോഗിക്കുന്ന വെള്ളത്തിന്റെ ബിൽ തുക പഞ്ചായത്ത് ഒടുക്കേണ്ടതില്ല എന്നുള്ളതിനാലും 03/23 മുതലുള്ള വാട്ടർചാർജ് ബിൽ ഇനി ലഭിക്കാനുള്ളതിനാലും മേൽ കമ്മിറ്റി തീരുമാനത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 63/02.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃയോഗം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും വാട്ടർർ ചാർജ്ജ് ഒടുക്കുന്ന വിഷയത്തിൽ തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.

## 1-39 പർച്ചേസ് ചെയ്ത പമ്പുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

വൗച്ചർ നം. 22200415/14.07.22 പ്രകാരം വെള്ളാണിക്കൽ ആയുർവേദ ഡിസ്പെൻസറിയിലെ കേടായ പഴയ മോട്ടോർ മാറ്റി പുതിയ പമ്പ് വാങ്ങുന്നതിന് 17300 രൂപയും വൗച്ചർ നം. 22200416/14.07.22 പ്രകാരം കോലിയക്കോട് ഹെൽത്ത് സെന്ററിലെ കേടായ പഴയ മോട്ടോർ മാറ്റി പുതിയ പമ്പ് വാങ്ങുന്നതിന് 14900 രൂപയും ചെലവഴിച്ചിരിക്കുന്നു (ആകെ തുക – 32200 രൂപ, ചെക്ക് നം.129173/14.07.22). പർച്ചേസ് ചെയ്ത സ്ഥാപനം - വിളയിൽ ഇലക്ട്രിക്കൽസ്, പനവൂർ (ഇൻവോയിസ് നം.81/22.06.22). എന്നാൽ പർച്ചേസ് ചെയ്ത പുതിയ മോട്ടോർ പമ്പുകൾ സ്റ്റോക്കിലെടുത്തതിന്റെയും പഴയ മോട്ടോർ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും തിരികെ വാങ്ങി സ്റ്റോക്കിലെടുത്തതിന്റെയും വിവരങ്ങളും, ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതും പഴയ മോട്ടോറുകൾ കൈയൊഴിയുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-40 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വയോജനങ്ങൾക്ക് വിനോദയാത്ര – 103050 രൂപ തടസ്സപ്പെടുത്തുന്നു

ഭരണസമിതിയുടെ 14.02.23 ലെ നം. 7/2 തീരുമാനപ്രകാരം 2022-23 സാമ്പത്തിക വർഷം പ്രോജക്ട് നമ്പർ- 232 വയോ സൌഹൃദ പ്രവർത്തനങ്ങൾ എന്ന പദ്ധതിയിലുൾപ്പെടുത്തി ഓരോ വാർഡിൽ നിന്നും ദൂരയാത്രയ്ക്ക് പറ്റുന്ന തരത്തിലുള്ള 3 വയോജനങ്ങളെ തെരഞ്ഞെടുത്ത് ഒരു വിനോദയാത്ര പോകുന്നതിനും 115000 രൂപയിൽ അധികരിക്കാത്ത തരത്തിൽ ചെലവഴിക്കുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥയായ ICDS സൂപ്പർവൈസറെ ചുമതലപ്പെടുത്തി തീരുമാനിച്ചു. കൂടാതെ ഭരണസമിതിയുടെ 23.02.23 ലെ നം. 2/17 തീരുമാനപ്രകാരം വികസന ഫണ്ട് ജനറൽ വിഭാഗത്തിൽ അലോട്ട്മെൻറ് തുക ബാക്കി ഇല്ലാത്തതിനാൽ പദ്ധതി നടത്തിപ്പിനായി അഡ്വാൻസ് തുക അനുവദിയ്ക്കണമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ടിൽ നിന്നും തൽക്കാലം നൽകുന്നതിനും വികസന ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക തിരികെ റീക്കുപ്പ് ചെയ്യുന്നതിനും തീരുമാനിച്ചു.

മേൽ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം ആകെ 103050 രൂപ ICDS സൂപ്പർവൈസർക്ക് അഡ്വാൻസ് ഇനത്തിൽ അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | തുക | വൗച്ചർ നം./തീയതി | ചെക്ക് നം./തീയതി |
|---|---|---|---|
| 1 | 20000 | 22201401/8.03.23 | 138068/8.03.23 |
| 2 | 3000 | | 138069/8.03.23 |
| 3 | 70050 | | 138070/8.03.23 |
| 4 | 10000 | 22201417/10.03.23 | 138302/09.03.22 |
| ആകെ | 103050 | | |

മേൽ വിഷയവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ICDS സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രോജക്ട് നം.232/23-വയോജനസൗഹൃദ പ്രവർത്തനങ്ങൾ എന്നതിന്റെ പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം വയോജനങ്ങളെ വിനോദയാത്രയ്ക്ക് കൊണ്ടു പോകുക എന്ന ലക്ഷ്യം പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ പ്രസ്തുത പ്രോജക്ടിനായി തനത് ഫണ്ട് വകയിരുത്തിയിട്ടുമില്ല. ഇപ്രകാരം പ്രോജക്ടിൽ ഇല്ലാത്ത ഒരു പ്രവർത്തനം നടത്തിയതിനും ആയതിന് തനത് ഫണ്ടിൽ നിന്നും അഡ്വാൻസായി തുക അനുവദിച്ചതിനുമുള്ള കാരണം വ്യക്തമല്ല.

2. സ.ഉ(കൈ)നം.115/2022/തസ്വഭവ, തീയതി 28.05.22 പ്രകാരമുള്ള സബ്സിഡി മാർഗരേഖ ഖ.7.1.14 ൽ നടപ്പിലാക്കേണ്ട വിവിധ വയോജനസൗഹൃദ പരിപാടികളുടെ നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വയോജനങ്ങൾക്കുവേണ്ടി വിനോദയാത്ര സംഘടിപ്പിക്കുക എന്നത് മാർഗ്ഗരേഖയിൽ ഇല്ല. ഇപ്രകാരം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചിരിക്കുന്നു.

3. തനത് ഫണ്ടിൽ നിന്നും അഡ്വാൻസ് ഇനത്തിൽ നൽകിയ മേൽ തുക റീക്കുപ്പ് ചെയ്തിട്ടുണ്ടോയെന്ന വിവരം ലഭ്യമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.62/02.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും മേൽച്ചെലവിന് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതുമാണ്. അതുവരെ 103050 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-41 കാർഷിക മേഖല – കിഴങ്ങ് വർഗ്ഗ കിറ്റ് വിതരണം പദ്ധതി – അപാകത

| | |
|---|---|
| പ്രോജക്ട് നം. | S0056/2022-23 |
| പദ്ധതിയുടെ പേര് | കിഴങ്ങ് വർഗ്ഗ കിറ്റ് വിതരണം (സ്പിൽ ഓവർ) |

| | |
|---|---|
| അടങ്കൽ | 340000/- (വികസന ഫണ്ട്) |
| ആകെ ചെലവ് | 340000/- (വികസന ഫണ്ട്) |
| ബിൽ നം./ Proceedings No. | 1/22- 23 Dt.31.5.22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

കിഴങ്ങ് വർഗ്ഗ കിറ്റ് വിതരണ പദ്ധതിക്കായി മാണിക്കൽ ഇക്കോഷോപ്പ് കോലിയക്കോട് എന്ന സ്ഥാപനത്തിൽ നിന്നും (ബിൽ നം.4 , Dtd. 17.3.22 പ്രകാരം) ചേന, ചേമ്പ്, കാച്ചിൽ, ഇഞ്ചി, മഞ്ഞൾ എന്നിവ ഉൾപ്പെട്ട Tuberkit 340 എണ്ണം വാങ്ങിയിട്ടുണ്ട്. ഒരു യൂണിറ്റിന് 1000/-രൂപയാണ് വില നൽകിയിട്ടുള്ളത്. (340 X 1000 = 340000 രൂപ) വിതരണ രജിസ്റ്റർ പേജ് നമ്പർ 13 മുതൽ 36 വരെയുള്ള പേജുകളിൽ ചേർത്ത് 195 ഗുണഭോക്താക്കൾക്ക് സ്ഥല ലഭ്യതയുടെ അടിസ്ഥാനത്തിൽ Tuberkit വിതരണം ചെയ്തിട്ടുണ്ട്. ആകെ - 340 എണ്ണം വിതരണം ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിതരണം ചെയ്തിട്ടുള്ള എണ്ണം പരിശോധിച്ചതിൽ 337 യൂണിറ്റ് മാത്രമാണ് ഗുണഭോക്താക്കൾ കൈപ്പറ്റിയിരിക്കുന്നത്. വിതരണ രജിസ്റ്ററിലെ 24, 25, 26, 23, 33, 34, 35, 36 എന്നീ പേജുകളിൽ വിതരണം ചെയ്ത യൂണിറ്റിന്റെ എണ്ണം പെൻസിൽ ഉപയോഗിച്ചാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ചില പേജുകളിൽ തിരുത്തി എഴുതിയിരിക്കുന്നു. ടി കാര്യങ്ങളിൽ മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 42/01.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണം ചെയ്ത കിറ്റുകളുടെ കൃത്യത പരിശോധിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-42 സ്ത്രീപദവി പഠനം - പെൺ അടയാളങ്ങൾ -വിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല.

| | |
|---|---|
| പ്രോജക്ട് നം. | S0125/22-23 |
| പദ്ധതിയുടെ പേര് | സ്ത്രീപദവി പഠനം - പെൺ അടയാളങ്ങൾ |
| അടങ്കൽ | 47500/- ( വി.ഫ.) |
| ആകെ ചെലവ് | 15757 /- (വി.ഫ) |
| ബിൽ നം/ Proceedings No | 448/17.3.23 – 10000/-<br>531/ 28.3.23 – 5757 /- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |

സ്ത്രീപദവി പഠനം നടപ്പിലാക്കുന്നതിനുള്ള വിവരശേഖരണം നടത്തുന്നതിനും, ആയതിലേയ്ക്ക് ഡേറ്റാ എന്യുമറേറ്റർമാർക്ക് പരിശീലനവും, വേതനവും അനുബന്ധ ചെലവുകൾക്കുമായി 47500/- രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തിയിരുന്നു. ഇതിൽ തൻവർഷം 15757/- രൂപ ചെലവഴിച്ചിട്ടുണ്ട്. 3.12.22, 2 Pm ന് മാണിക്കൽ ഗ്രാമ പഞ്ചായത്തിൽ വച്ച് പദ്ധതിയുടെ ഉൽഘാടനം നടന്നിട്ടുണ്ട്. മറ്റ് വിവരങ്ങളൊന്നും തന്നെ ഫയലിൽ ലഭ്യമല്ല. പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതാണോയെന്നും, നിലവിലെ വവിരങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ (No.48/23 Dt.1.11.23) ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-43 ഹോമിയോ ഡിസ്പെൻസ്ഡസറിയ്ക്ക് മരുന്നു വാങ്ങൽ-- മരുന്നുകളുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല

1)

| | |
|---|---|
| പ്രോജക്ട് നം. | 38/2022-23 |
| പദ്ധതിയുടെ പേര് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 300000/- (മെ.ഫ) |
| ആകെ ചെലവ് | 300000/- (മെ.ഫ) |
| ബിൽ നം./ Proceedings No | 99/22-23 Dtd. 13.9.22<br>Rs. 300000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം |

2)

| | |
|---|---|
| പ്രോജക്ട് നം. | 249/2022-23 |
| പദ്ധതിയുടെ പേര് | വയോസൗഹൃദം -ഹോമിയോ മരുന്ന് വാങ്ങൽ |

| | |
|---|---|
| അടങ്കൽ | 50000/- (വി.ഫ ) |
| ആകെ ചെലവ് | 50000/- (വി.ഫ) |
| ബിൽ നം./ Proceedings No | 218/22-23 Dtd. 22.12.22 Rs. 50000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം |

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിന് 300000/- രൂപയും, വയോജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനായി ഹോംകോയിൽ നിന്നും ഔഷധങ്ങൾവാങ്ങി ആവശ്യാനുസരണം വിതരണം ചെയ്യുന്നതിനായി 50000/- രൂപയും Kerala State Homeopathic Co-Operative Pharmacy Limited ന് കൈമാറിയിട്ടുണ്ട്. HOMCO Managing Director തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീത് (Rt. No. 6432/30.9.22, Rt No. 7216/10/03/23) ലഭ്യമാക്കിയിട്ടുണ്ട്. HOMCO യിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടുണ്ടോയെന്ന് ഓഡിറ്റ് എൻക്വയറി (26/22, 27/22-23 Dt. 30.10.23) നൽകിയതിന് ഔഷധങ്ങൾ പൂർണമായും 2023-24 സാമ്പത്തിക വർഷത്തിലാണ് ലഭ്യമായതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ മരുന്നുകളുടെ ഇൻവോയ്സ് ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മരുന്നുകളുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഇൻവോയ്സ് ബിൽ ഉൾപ്പെടെ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-44 ക്യാൻസർ നിയന്ത്രണ പദ്ധതി - ചെലവ് വിവരങ്ങൾ ലഭ്യമല്ല.

| | |
|---|---|
| പ്രോജക്ട് നം. | 150/2022-23 |
| പദ്ധതിയുടെ പേര് | ക്യാൻസർ നിയന്ത്രണ പദ്ധതി |
| അടങ്കൽ | 20000/- (തനത് ഫണ്ട്) |
| ആകെ ചെലവ് | 20000/- (തനത് ഫണ്ട്) |
| ബിൽ നം./ പ്രൊസീഡിങ്ങ്സ് നം. | 334/22-23 Dtd. 10.2.23 Rs. 20000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ FHC |

ജില്ലാ ക്യാൻസർ നിയന്ത്രണ പദ്ധതിക്കായി തനത്ഫണ്ടിൽ നിന്നും 20000/- രൂപ ചെലവഴിച്ചിട്ടുണ്ട്. വഞ്ചിനാട് മെഡിക്കൽസ് ആന്റ് സർജിക്കൽസ്, In House DrugBank എന്നീ സ്ഥാപനങ്ങളിൽ നിന്നും പദ്ധതിക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമാണെങ്കിലും മെഡിക്കൽ ക്യാമ്പ് നടത്തിയതിന്റെയോ, ക്യാമ്പിൽ എത്ര ആളുകൾ പങ്കെടുത്തുവെന്നോ എന്നത് സംബന്ധിച്ച യാതൊരു രേഖകളും ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/28.10.23 ) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മെഡിക്കൽ ക്യാമ്പ് നടത്തിയത് ബ്ലോക്ക് തല സ്ഥാപനങ്ങളിലാണെന്നും, സാധനങ്ങളുടെ പർച്ചേസ് മാത്രമാണ് നടത്തിയതെന്നുമാണ് അറിയിച്ചിട്ടുള്ളത്. പഞ്ചായത്ത് ഫണ്ട് ചെലവഴിക്കുമ്പോൾ ചെലവിനാധാരമായ രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്. ആയതിനാൽ ബ്ലോക്ക് തലത്തിൽ സംഘടിപ്പിച്ചതായിരുന്നാലും മെഡിക്കൽ ക്യാമ്പ് നടത്തിയതിന്റെ രേഖകൾ, പങ്കെടുത്ത ആളുകളുടെ ലിസ്റ്റ്, മറ്റ് അനുബന്ധ വിവരങ്ങൾ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-45 അതിദാരിദ്ര്യ നിർമാർജ്ജന പദ്ധതിമരുന്ന് വിതരണം -മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 240/2022-23 |
| പേര് | അതിദാരിദ്ര്യ നിർമാർജ്ജന പദ്ധതി മരുന്ന് വിതരണം |
| അടങ്കൽ | 45000/- (വി.ഫ) |
| ആകെ ചെലവ് | 45000/- (വി.ഫ) |
| ബിൽ നം./ പ്രൊസീഡിങ്ങ്സ് നം. | 555/28.3.23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ FHC |

അതിദരിദ്രർക്കുവേണ്ടിയുള്ള വ്യക്തിഗത/ കുടുംബ മൈക്രോപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങി വിതരണം ചെയ്യുന്ന പദ്ധതിയാണിത്. KMSCL ൽ നിന്നും Invoice No. PRF. 5456/18.3.23 ലഭ്യമായിട്ടുണ്ട്. മരുന്ന് വാങ്ങുന്നതിനായി 45000/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ 3624001800000019 എന്ന അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് പകരം 326401800000019 എന്ന അക്കൗണ്ടിലേയ്ക്ക് മാറി ക്രെഡിറ്റ് ചെയ്തതിനാൽ മരുന്നുകൾ ലഭ്യമായിട്ടില്ല. ഫണ്ട് തിരികെ ലഭിക്കുന്നതിനുള്ള കത്തിടപാടുകൾ നടത്തുന്നതായി ഓഡിറ്റ് എൻക്വയറിക്ക് മറുപടി (21/28.10.23) ലഭ്യമാക്കിയിട്ടുണ്ട്.തുക തിരികെ ലഭിക്കുന്ന മുറയ്ക്ക് KMSCL ന് കൈമാറുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കാലതാമസം കൂടാതെ തുക തിരികെ ലഭ്യമാക്കി KMSCL ൽ നിന്നും മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-46 ശമ്പളപരിഷ്കരണത്തിന് ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം വാങ്ങിയിട്ടില്ല

പഞ്ചായത്തിലെ ചുവടെ പറയുന്ന ജീവനക്കാരുടെ സേവന പുസ്തകം പരിശോധിച്ചതിൽ 2019 ശമ്പള പരിഷ്കരണത്തിന് (GO (P) No.27/2021/Fin Dated 10.02.2021) സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം വാങ്ങിയിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്.

| ജീവനക്കാരന്റെ പേര് | തസ്തിക |
|---|---|
| ബീനാറാണി.ബി | ലൈബ്രേറിയൻ |
| മറിയ സെൽവി.എസ് | സീനിയർ ക്ലർക്ക് |
| ശരത് ശശി | ക്ലർക്ക് |
| ഷിജുകുമാർ.വി | സീനിയർ ക്ലർക്ക് |
| സജീവ് കുമാർ.പി.വി | അക്കൗണ്ടന്റ് |
| ദിവ്യ.ഒ | ക്ലർക്ക് |
| അനീഷ.കെ | സീനിയർ ക്ലർക്ക് |
| സജി.എ | ജൂനിയർ സൂപ്രണ്ട് |
| ബി.ലീലാംബിക | പാർട്ട് ടൈം നഴ്സറി ആയ |
| റിജി.സി.എസ് | സീനിയർ ക്ലർക്ക് |
| അനിൽ കുമാർ.റ്റി | ഡ്രൈവർ ഗ്രേഡ് 1 |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 43/01.11.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ശമ്പളപരിഷ്കരണത്തിന് ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം വാങ്ങിയിട്ടില്ലാത്ത സേവനപുസ്തകങ്ങൾ അടിയന്തിരമായി ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-47 ജീവനക്കാരുടെ സേവനപുസ്തക പരിപാലനത്തിലെ അപാകതകൾ

1. 25.02.2023 ലെ GO(P) No.20/2023/Fin ഉത്തരവ് പ്രകാരം 2022-23 സാമ്പത്തിക വർഷം NREGS കരാർ ജീവനക്കാർക്ക് പീരിയോഡിക്കൽ സറണ്ടർ ഓഫ് ഏൺഡ് ലീവ് അനുവദിച്ചിട്ടുണ്ട് (വൗച്ചർ നമ്പർ 22201544/30.03.23, ചെക്ക് നമ്പർ 138667/30.03.2023). വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | തസ്തിക | സറണ്ടർ ചെയ്ത ലീവുകളുടെ എണ്ണം | തുക (രൂപ) |
|---|---|---|---|---|
| 1 | ലിജി.ബി.നായർ | അക്രഡിറ്റഡ് എൻജിനീയർ | 30 | 31460 |
| 2 | സന്ധ്യ.എസ് | ഓവർസിയർ | 30 | 24040 |
| 3 | ശ്രീകുമാർ.ആർ | ഓവർസിയർ | 30 | 24040 |
| 4 | സന്ധ്യാറാണി.ഡി.എസ് | അക്കൗണ്ടന്റ് കം ഐ.ടി അസിസ്റ്റന്റ് | 30 | 24040 |
| 5 | പ്രദീപ്.റ്റി | അക്കൗണ്ടന്റ് കം ഐ.ടി അസിസ്റ്റന്റ് | 30 | 24040 |
| | | | ആകെ | 127620 |

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 30.06.2014 ലെ ഇ2/2321/14 നമ്പർ സർക്കുലറിൽ കരാർ ജീവനക്കാർക്ക് ആർജിതാവധി, ആർജിതാവധി വില്പന എന്നീ ആനുകൂല്യങ്ങൾ സർക്കാർ അനുവദിച്ചിട്ടുള്ളതിനാൽ എല്ലാ കരാർ ജീവനക്കാർക്കും സേവന പുസ്തകം ആരംഭിച്ച് ബന്ധപ്പെട്ട രേഖപ്പെടുത്തലുകൾ വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ കരാർ ജീവനക്കാരുടെ സേവന പുസ്തകം പരിശോധനയ്ക്ക് ആവശ്യപ്പെട്ടെങ്കിലും, ശ്രീകുമാർ.ആർ, ഓവർസിയറുടെ സേവനപുസ്തകം ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ മറ്റ് ജീവനക്കാരുടെ സേവനപുസ്തകം പരിശോധിച്ചതിൽ ആർജ്ജിതാവധി അക്കൗണ്ടിൽ അവധി വിവരങ്ങൾ ഒന്നും തന്നെ ചേർത്തിട്ടില്ല എന്നു കാണുന്നു. ക്രമ നം. 1,4,5 പ്രകാരമുള്ള ജീവനക്കാരുടെ സേവനപുസ്തകത്തിൽ 01.11.2016 വരെയുള്ള സർവ്വീസ് വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ സന്ധ്യ .എസ്, ഓവർസിയറുടെ സേവനപുസ്തകത്തിൽ വ്യക്തിഗത വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

2. സ്ഥിരം ജീവനക്കാരുടെ സേവനപുസ്തകം പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) 27.04.23 ൽ പുതുതായി ജോലിയിൽ പ്രവേശിച്ച ലിനിമോൾ .പി.ബി, ക്ലർക്ക്, 27.02.23 ൽ പുതുതായി ജോലിയിൽ പ്രവേശിച്ച ആതിര.ആർ.എൽ, ക്ലർക്ക് എന്നിവരുടെ ശമ്പള/വേതന വിവരങ്ങൾ ഒന്നും തന്നെ മേലധികാരി

പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ബി) സ്ഥലംമാറ്റം ലഭിച്ച് 20.07.23ൽ ഈ കാര്യാലയത്തിൽ ജോയിൻ ചെയ്യുകയും 6.10.23 ൽ വിടുതൽ ചെയ്തു പോയിട്ടുള്ളതുമായ മറിയ സെൽവി.എസ്, സീനിയർ ക്ലർക്കിന്റെ പ്രസ്തുത സേവന വിവരങ്ങൾ ഒന്നും തന്നെ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. സർവ്വീസ് ബുക്കിലെ രേഖപ്പെടുത്തലുകൾ കാലികമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.38/31.10.23, 43/01.11.23 എന്നിവയ്ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം മേൽ അപാകതകൾ പരിഹരിച്ച് സേവനപുസ്തകങ്ങൾ കാലികമാക്കി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

**സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.**

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 0 | 100000 | സോളാർ വേലി | 100000 | 0 |
| | | 0 | 534000 | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 534000 | 0 |
| | | 0 | 399626 | കമുകിൻകുഴി ലക്ഷം വീട് കോളനി റോഡ് റീടാറിംഗും ബാക്കി ഭാഗം കോൺക്രീറ്റിംഗും - 06 | 399626 | 0 |
| | | 0 | 103186 | ക്ഷീരസമൃദ്ധി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 103186 | 0 |
| | | 961425 | 0 | മുൻ വർഷത്തെ മറ്റ് പ്രോജക്ടുകൾ | 0 | 961425 |
| **ആകെ** | | **961425** | **1136812** | | **1136812** | **961425** |
| ജില്ലാ പഞ്ചായത്ത് | 2022-23 | 0 | 880000 | ലൈഫ് ഭവന പദ്ധതി എല്ലാ ഘട്ടത്തിലെയും അർഹരായ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് | 880000 | |

| | | | | | | |
|---|---|---|---|---|---|---|
| | | | | ധനസഹായം | | |
| | | 0 | 392500 | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 392500 | |
| | | 0 | 520000 | ലൈഫ് ഭവന പദ്ധതി എസ്സ് സി വകുപ്പ് കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് തുക നൽകൽ | 520000 | |
| | | 0 | 47272 | ക്ഷീരസമൃദ്ധി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 47272 | |
| | | 95760 | 0 | മുൻ വർഷത്തെ മറ്റ് പ്രോജക്ടുകൾ | 0 | 95760 |
| **ആകെ** | | **95760** | **1839772** | | **1839772** | **95760** |

**വാർഷിക ധനകാര്യ പത്രിക പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.**

| | 2021-22 B-4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 I-6, RP-30 പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 2022-23 B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 961425 | 1137186 (737186+400000) | 2098611 | 1136812 | 961799 | 1361425 * |
| ജില്ലാ പഞ്ചായത്ത് വിഹിതം | 95760 | 1839772 | 1935532 | 1839772 | 95760 | 95760 |

* 400000 രൂപ വരവ് ലഭിച്ചെങ്കിലും പേയ്മെന്റ് നടത്തിയത് അടുത്ത സാമ്പത്തിക വർഷാരംഭത്തിലാണ് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം 399626 രൂപയുടെ ചെലവ് കാണുന്നു.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

**സുലേഖ ചെലവ് പത്രിക പ്രകാരം**

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം പ്രകാരം) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 166/23-വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് തുക കൈമാറൽ | 450000 | - | 450000 |
| | ആകെ | 450000 | | 450000 |

**വാർഷിക ധനകാര്യ പത്രിക പ്രകാരം**

| നിർവ്വഹണ | 2021-22 | 2022-23 | ആകെ | വിനിയോഗസാക്ഷ്യപത്രം | നീക്കിയിരിപ്പ് | 2022-23 |
|---|---|---|---|---|---|---|

| ഏജൻസി | B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | വർഷത്തെ നിക്ഷേപം (സുലേഖ പ്രകാരം) | | ലഭിച്ചത് + തിരികെ ഒടുക്കിയത് | | B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 137792 | 450000 | 587792 | 0 | 587792 | 137792 * |
| കേരള ഭൂജല വകുപ്പ് | 805020 | 0 | 805020 | 0 | 805020 | 805020 |
| കേരള വാട്ടർ അതോറിറ്റി | 9291450 | 0 | 9291450 | 0 | 9291450 | 9291450 |

* സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ നം.166/23-വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് തുക കൈമാറൽ പ്രോജക്ടിനായി കെ.എസ്.ഇ.ബി യ്ക്ക് അനുവദിച്ചിരുന്നതും വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതുമായ 450000 രൂപ ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | ജി.ഒ (സാധാ)നം.43/20, തീയതി 01.01.21 | 57157935 | 2360000 | 8205362 | 51312573 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | 2,71,66,082 |
| ഓഡിറ്റ് വർഷത്തെ വരവ് | 8,16,72,866 |
| ആകെ | 10,88,38,948 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 8,06,59,673 |
| നീക്കിയിരിപ്പ് | 2,81,79,275 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,71,050 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 168000 | ശ്രീ.ജി.എൻ.ഹരികുമാർ, സെക്രട്ടറി |
| 1-40 | 103050 | ശ്രീ.ജി.എൻ.ഹരികുമാർ,സെക്രട്ടറി |
| ആകെ | 271050 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല.**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല.**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജി.എൻ.ഹരികുമാർ, സെക്രട്ടറി | | നവനീതം, റ്റി.സി 39/162, 1314(1), ശ്രീചിത്ര നഗർ, പാങ്ങോട്, തിരുമല.പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2008-09 | കെ.എസ്.എ.റ്റി.വി.എം./ജിപി13/1826/2022,തീയതി 15.10.2022 | 2 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം./ജിപി13/1826/2022,തീയതി 15.10.2022 | 2 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം./ജിപി13/1826/2022,തീയതി 15.10.2022 | 1 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./ജിപി13/1826/2022,തീയതി 15.10.2022 | 1 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./ജിപി13/1826/2022,തീയതി 15.10.2022 | 1 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./ജിപി 10/2626/2018, തീയതി 11.02.2019 | 18 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം./ജിപി 10/319/2020, തീയതി 29.04.2020 | 21 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം./ജിപി 10/522/2021, തീയതി 17.03.2021 | 40 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം./ജിപി 10/1075/2022, തീയതി 30.06.2022 | 18 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം./ജിപി 13/1961/2022, തീയതി 31.01.2023 | 46 |

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 14(1) dated 26-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Manickal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Manickal Grama Panchayat for the year 2022-2023

**Date: 14/12/2023**

**Deputy Director(H.G)**
**District Office Trivandrum**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Manickal Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Union bank account opened for Vathilpadi Sevanam with Rs. 5000/- as closing balance is not included in Financial Statement.

**2.Other Observations**

1. Mandatory financial statements are not submitted. eg. The financial ratios, notes to accounts, B-1 Schedule (Adjusted performance for the current year) are not submitted with the annual financial statement.
2. Cash flow statement-Net increase/decrease in cashflow (1013193/-) does not match with the difference between the opening balance and closing balance of cash and cash equivalents (2766605/-).
3. Lapses in making timely and accurate demand entries in respect of tax revenue.

4. The valuation of stock and stores are not done at the end of the financial year. 2021-22 closing balance amount of 46232/- in respect of Purchase Of Material â Stores is only included in the B-14 Stock in hand (inventories) schedule.

5. Non disclosure of expense due-

Expenses due such as honorarium for members, fuel expenses due in the current fincancial year are not included in balance sheet as provision of expense due (B-9).

6. Further actions are not taken to transfer the Stale cheque amount (expired after 3 years) to own fund. Out of the amount of Rs.106556/- booked in the head of liability in respect of stale cheqes.

7. The amount of 819511/- given as part bill for capital work as per the statement by A.E. is not included in Capital Work in Progress Schedule( B-11(b)).

8. Misclassification of receipt voucher - eg. 1) The amount collected in respect of the following items are wrongly entered in the Other Fees head.

| Sl No. | Receipt No./Date | Amount | Head to be entered |
|---|---|---|---|
| 1 | 1220400005/16.04.22 | 50 | 140100102-Registration Fee From Private Hospital & Paramedical Institutions |
| 2 | 1220100094/18.04.22 | 50 | |
| 3 | 1220400051/19.04.22 | 50 | |
| 4 | 1220400196/25.04.22 | 50 | |
| 5 | 1220400363/19.05.22 | 500 | 130300101-Rent From Auditoriums And Halls |
| 6 | 1220401190/27.06.22 | 220 | 140120101-Permit Fee For Construction Of Buildings |
| 7 | 1220407587/03.03.23 | 50 | 140100102-Registration Fee From Private Hospital & Paramedical Institutions |
| 8 | 1220407938/09.03.23 | 50 | |
| 9 | 1220408140/13.03.23 | 50 | |
| 10 | 1220408495/18.03.23 | 50 | |

2) An amount of Rs.300000/- received from life mission in respect of Life mission state share for housing scheme is wrongly entered in the Receipts from Sale Of Other Products head.

9. Advance register, Deposit Register and Loan Register are not reliable for audit.

10. The Collection and balance amounts of Profession Tax - Traders (Current) in the Profession Tax register does not match with the respective amounts in the Annual Financial Statement.

11. Misclassification of payment voucher. An amount of Rs.450000/- deposited with KSEB for which U.C. has not been received is not included in the B-18 schedule.

12. The advance amount to be recouped in respect of NREGS Administrative Expense in the Advance Register and NREGS cash book does not match with the the amount in the Annual Financial Statement.

| Item | Amount in AFS | Amount in Advance Register | Amount in NREGS Cash book |
|---|---|---|---|
| OB | 1133351 (2021-22 Balance sheet) | 1662566 * | 1125746 |
| Advance given in 2022-23 | 222850 [RP-49 (P)] | 1804367 | 1956921 |
| Advance recouped in 2022-23 | 64821 [RP-49 R)] | 599600 | 599600 |

| | | | |
|---|---|---|---|
| CB | 1291380 (2022-23 Balance sheet) | 2867333 | 2483067 |

13. Balance of MGNREGS account in the B-4 schedule (0), Balance of Panchayat, As Distress relief fund in the B-2 schedule (66966/-) does not match with respective bank account balances such as 29741/-, 22959/- respectively.
14. All demand registers are not periodically reconciled with accounts.
15. No amount is collected under item Other Rents (head code 130800199) having Demand of Rs.1150/-. The uncollected amount is not included in the balance sheet.
16. Lack of supporting documents for prior period income- Details of the amounts recorded as receipt & payment are not included as descriptions. For eg: Prior period income -Property Tax -Amount Rs. -10952/-
17. Statement for arriving excess of income over expenditure not provided with B1 schedule.
18. Cheques of Rs.67047/- and 63747/- are deposited but not credited into UNION BANK OF INDIA-OWN FUND (Account no. 444702010013537) and UNION BANK OF INDIA (Account no. 444702010008162) respectively till date.
19. According to reconciliation statement of LGTSB SUB TREASURY (Account no.799013000000477) an amount of Rs.70690/- is included as Directly Credited by Bank. But the amount is not taken by receipt into account.
20. Further actions are not taken for adjusting the amounts directly debited by bank included in the reconciliation statements of CANARA BANK (Account no. 6646101001676 - Rs.8944/-) and UNION BANK OF INDIA (Account no. 444702010022355 â Rs.13100/-).
21. Cheque issued and uncashed for more than three months has not been transferred to Stale Cheque Account. (LGTSB SUB TREASURY -Account no.799013000000477 - Total cheque amount Rs. 337863/-), (UNION BANK OF INDIA - Account no. 444702010008162- Amount of Rs.2000/-, Cheque No. 095424/18.11.22), (UNION BANK OF INDIA-OWN FUND -Account No. 444702010013537 - Total cheque amount Rs. 201395/-).
22. MGNREGS - the amounts in the Annual Financial Statement does not match with the NREGS cash book and EFMS statement.
23. Payment amount in respect of Other Administrative Expences in the Annual Financial Statement does not match with the respective Ledger and trial balance amounts.
24. Lack of supporting documents for journal vouchers-Journal vouchers are not recorded with supporting documents. For eg: The amount under the head of prior period income (head code 190100101).

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്